നം.കെഎസ്എ.കെടിഎം.പി-11/1413/2018 തീയതി 04.08.2018

# കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2017 മുതൽ 30-06-2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 17.07.2018-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു.എസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.07.2018 മുതൽ 17.07.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പ്രസാദ് പി. ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജേഷ് എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അമ്പിളി എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷാജിമോൻ പി.ബി. | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി.വത്സല കെ. | 1.04.2017 മുതൽ 20.11.2017 വരെ. |
| | ശ്രീമതി.ഷൈനി ഷാജി(ആക്റ്റിംഗ് പ്രസിഡന്റ് ) | 21.11.2017 മുതൽ 18.12.2017 വരെ. |
| | ശ്രീമതി ലിതാ ഷാജി | 19.12.2017 മുതൽ 31.03.2017 വരെ. |
| സെക്രട്ടറി | ശ്രീ.ജയകുമാർ.വി.ജി. | 1.04.2017 മുതൽ 21.07.2017 വരെ. |
| | ശ്രീമതി.ഷോളി ഫിലിപ്പ്,അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) | 22.07.2017 മുതൽ 17.08.2017 വരെ |
| | ശ്രീമതി. സുപ്രഭ എസ്. | 18.08.2017 മുതൽ 19.10.2017 വരെ |
| | ശ്രീമതി.ഷോളി ഫിലിപ്പ്, അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) | 20.10.2017 മുതൽ 05.12.2017 വരെ |
| | ശ്രീമതി.രേണുകാദേവി അമ്മാൾ | 05.12.2017 മുതൽ 31.03.2018 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.വേണുഗോപാൽ ആർ. | 01.04.2017 മുതൽ 12.06.2017 വരെ. |
| | ശ്രീമതി.സിമി ഇബ്രാഹിം | 12.06.2017മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.സുബിൻ | 01.04.2017മുതൽ 31.03.2018 വരെ |
| വി.ഇ.ഒ.മണിമല | ശ്രീ.സിയാദ് | 01.04.2017മുതൽ 23.07.2017 വരെ |
| | ശ്രീ.ആകർഷ് ജി.കൃഷ്ണൻ | 23.07.2017 മുതൽ 31.03.2018 വരെ. |

| | | |
|---|---|---|
| വി.ഇ.ഒ,കറിക്കാട്ടൂർ | ശ്രീ.അജികുമാർ. | 01.04.2017മുതൽ 31.03.2018 വരെ. |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.രേഖാ ശാലിനി. | 01.04.2017മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഗീത | 01.04.2017 മുതൽ 30.09.2017വരെ |
| | ശ്രീമതി.ഗീത പി.കെ. | 03.10.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി | ശ്രീ.എം.റഹിം | 01.04.2017 മുതൽ 31.10.2017 വരെ |
| | ശ്രീ.അരുൺ റ്റി.റ്റി. | 01.11.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.എൻ.ബി.സുശീല | 01.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീ.ജോസഫ് എൻ.ജെ. | 01.06.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി രജിനിമോൾ റ്റി.സി. | 01.04.2017 മുതൽ 03.07.2017 വരെ |
| | ശ്രീമതി.ഷോളി ഫിലിപ്പ് | 03.07.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പെയ്മെന്റ് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം(മാന്വൽ പാർട്ട് 1 അനുബന്ധം ബി) |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളിലെ അപാകതകൾ.(ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പടാത്തവ) |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വസ്തുനികുതി പിരിവ് – അപാകതകൾ |
| 2-2 | തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിൽ അപാകതകൾ |
| 2-3 | ഡി & ഒ ട്രേഡ് ലൈസൻസ് – നടപടി ക്രമങ്ങളിൽ അപാകതകൾ |
| 2-4 | റോഡ് സൈഡിൽ നിന്ന തേക്ക് മരം വെട്ടിയത് |
| 2-5 | മുറിച്ചുമാറ്റിയ മരം ലേലം ചെയ്തിട്ടില്ല |

| | |
|---|---|
| 2-6 | കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ നിയന്ത്രണചട്ടങ്ങളുടെ നടത്തിപ്പ് ഫലപ്രദമല്ല |
| 2-7 | പഞ്ചായത്ത് സ്റ്റേഡിയം – രേഖകൾ ലഭ്യമാക്കിയില്ല |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | സ്ട്രീറ്റ് ലൈൻ കറന്റ് ചാർജ് ഇനത്തിൽ വൻതുക അടവാക്കുന്നു |
| 3-2 | പട്ടികജാതി വികസനത്തിനായി ലഭിച്ച 31.64 ലക്ഷം രൂപ ചെലവഴിക്കാതെ സർക്കാർ കമ്പനിയിൽ ഡെപ്പോസിറ്റായി സൂക്ഷിച്ചിരിക്കുന്നു |
| 3-3 | അടിസ്ഥാന വിവരങ്ങളില്ലാതെ വൻതുക കെഎസ്ഇബി.യിൽ ഡെപ്പോസിറ്റ് ചെയ്യുന്നു |
| 3-4 | പഞ്ചായത്ത് കെട്ടിടനിർമ്മാണം മോണിറ്ററിംഗ് ഫലപ്രദമായില്ല |
| 3-5 | വ്യക്തിഗത ഗുണഭോക്തൃ പ്രോജക്ടുകൾ – ഗുണഭോക്താക്കൾ പൂർണ്ണമായും ധനസഹായം കൈപ്പറ്റിയിട്ടില്ല |
| 3-6 | 6-ാം വാർഡിലെ 10-ാം നമ്പർ അങ്കണവാടി – വാടകക്കെട്ടിടത്തിലെ സ്ഥാപനത്തിന്റെ പ്രവർത്തനം അനിശ്ചിതത്വത്തിൽ |
| 3-7 | അങ്കണവാടികളുടെ പരിപാലനം – ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം ഫലപ്രദമല്ല |
| 3-8 | ആശ്രയ പദ്ധതി |
| 3-9 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭിച്ചില്ല |
| 3-10 | എസ്.എസ്.എ. വിഹിതം നൽകൽ – പ്രവർത്തനങ്ങളുടെ ഭൗതികപരിശോധന നടത്തുന്നില്ല |
| 3-11 | ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും പ്രോജക്ട് നിർവ്വഹണവും |
| 3-12 | എച്ച്.എം.സി.കണക്കുകളുടെ പരിശോധന |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |

| | |
|---|---|
| അനുബന്ധം 4 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017 -18വർഷത്തെ ബജറ്റ് 16-3-2018 തിയതിയിലെ 2(1)-ാം നം തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർഥം |
|---|---|---|
| മുന്നിരിപ്പ് | 7919714 | 12689067 |
| വരവ് | 78641916 | 47587049 |
| ആകെ | 86561630 | 60276116 |
| ചെലവ് | 83642954 | 54436709 |
| നീക്കിയിരിപ്പ് | 2918676 | 5839407 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനില്ക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് കാണുന്നു.നോൺ പ്ലാൻ ഇനത്തിലെ വരവ് ചെലവുകൾ സംബന്ധിച്ച എസ്റ്റിമേറ്റ് തയാറാക്കുന്നതിന് ഘടകസ്ഥാപന മേധാവികളുടെ യോഗം വിളിച്ചതായ രേഖകൾ ഇല്ല.കൂടാതെ സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെയും വിവരങ്ങളില്ല. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ജനറൽകമ്മിറ്റിയുടെയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെയും ഭാഗങ്ങളിൽനിന്ന് ഉണ്ടായില്ലയെന്ന് വ്യക്തമാകുന്നു.

കൂടാതെ സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനുതകും വിധം പുതിയ നികുതി നിർദേശങ്ങളോ, നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുകയോ ചർച്ച ചെയ്യുകയോ ചെയ്തതായി കാണുന്നില്ല.

സ്റ്റാന്റിംഗ്കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി മെച്ചപ്പെട്ട ഏകോപനം ഉണ്ടാക്കുകയും ചെയ്ത് ബജറ്റ് തയാറാക്കുന്നതിൽ ശാസ്ത്രീയതയും യാഥാർഥ്യവും ഉറപ്പാക്കാവുന്നതാണ്.സാംഖ്യയും ബജറ്റും തമ്മിലുള്ള സംയോജനം സാദ്ധ്യമാക്കി ബജറ്റിലില്ലാത്തതും അധികരിച്ചതുമായ ചെലവുകൾ ഒഴിവാക്കാവുന്നതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 24-05-2018 | ---- | ----- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-2018 | 13,14/06/2018 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 25-6-18 ലെ കെ.എസ്.എ.കെ.ടി.എം .പി.11/1151/18 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 12689067 |
| വരവ് | 47587049 |
| ആകെ | 60276116 |
| ചെലവ് | 54436709 |
| നീക്കിയിരിപ്പ് | 5839407 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11337000 | 11337000 | 11066178 | 270822 |
| വികസനഫണ്ട് എസ്.സി.പി. | 0 | 10906336 | 10906336 | 9703883 | 1202453 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 527786 | 527786 | 527786 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11119000 | 11119000 | 3644518 | 7474482 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2591000 | 2591000 | 2587391 | 3609 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5325009 | 5325009 | 2084711 | 3240298 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 1188632 | 1188632 | 1188632 | 0 |
| എസ്.ബി.ടി,സീറോബാലൻസ് | - | - | - | - | - |
| ട്രഷറി ഓൺ ഫണ്ട് vpfa 1, 2 | - | - | - | - | - |
| ട്രഷറി ടി.എസ്.ബി . (ജനറൽ പർപ്പസ്) | 4769868 | 8251106 | 13020974 | 13419361 | (-)398387 |
| എസ്.ബി.ടി, ലിറ്ററസി | - | - | - | - | - |
| എസ്.ബി.ടി . ഡിസ്ട്രസ് റിലീഫ് ഫണ്ട് | 17575 | 703 | 18278 | 0 | 18278 |
| MGNREGS | 1315 | 11780342 | 11781657 | 11779213 | 2444 |
| എസ്.ബി.ടി, പൈക്ക | - | - | - | - | - |
| ട്രഷറി ടി.എസ്.ബി<br>ജോയിന്റ് വെഞ്ചർ. | 300000 | 702857 | 1002857 | 812857+<br>171000 (ഗവ.പിൻവലിച്ചത്)<br>ആകെ= 983857 | 19000 |
| കറന്റ് അക്കൗണ്ട്. | 701 | 11616 | 12317 | 649 | 11668 |
| ബി ഫണ്ട് | 0 | 28376900 | 28376900 | 28376900 | 0 |
| തനത്ഫണ്ട്, മണിമല സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 1940082 | 99426 | 2039508 | 1932972 | 106536 |
| തനത്ഫണ്ട്, എസ്.ബി.ഐ, മണിമല | 5277861 | 7922625 | 13200486 | 7166133 | 6034353 |
| ക്യാഷ് | 87465 | 44397926 | 44485391 | 44439876 | 45515 |
| മറ്റിനം | - | - | - | - | - |
| ആകെ. | 13583499 | 143349632 | 156933131 | 138902060 | 18031071 |

## 1-6 പദ്ധതി അവലോകനം.

13-ാം പഞ്ചവത്സര പദ്ധതിയുടെ (2017-18 മുതൽ 2021-22) ആദ്യവാർഷികപദ്ധതിയാണ് 2017-18 ലേത്.പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത് പദ്ധതി കാലയളവിനുള്ളിൽ കേരളത്തെ സാമ്പത്തികവളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുക,സാമൂഹ്യനീതി, പരിസ്ഥിതിസുരക്ഷ എന്നിവയുടെ ഉത്തമ മാതൃകയായി മാറ്റുക എന്നിവയാണ്.ടി ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 13ാം പദ്ധതിയിലെ ആദ്യവാർഷികപദ്ധതി തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 9-1-2017ലെ സർക്കാർ ഉത്തരവ്( എം.എസ്)10/2017 ആയി പുറപ്പെടുവിക്കുകയുണ്ടായി.പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിരുന്നു.

ടി ഉത്തരവിലെ നിർദേശ പ്രകാരം മണിമലഗ്രാമപഞ്ചായത്ത് , പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന: സംഘടിപ്പിക്കുകയും 15-2-17 ൽ ആസൂത്രണസമിതിയുടെയും 3/2017 ൽ 12 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ ചേരുകയും ചെയ്തു.അവസ്ഥാരേഖ (സ്റ്റാറ്റസ്റിപ്പോർട്ട് )പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട് .എന്നാൽ ടി യോഗങ്ങളുടെ മിനിറ്റ്സ് ബുക്കുകൾ പരിശോധിച്ചതിൽ പല വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകളിലും ഹാജർ വളരെ ശുഷ്കമായിരുന്നുവെന്നാണ് കാണപ്പെട്ടത്. (15അംഗങ്ങളെ വീതം ഉൾപ്പെടുത്തിയാണ് വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ചത്). യോഗങ്ങളിൽ നടന്ന ചർച്ചകളുടെ വിവരങ്ങളോ കൈക്കൊണ്ട തീരുമാനങ്ങളോ മിനിറ്റ്സ് ബുക്കുകളിൽ എഴുതി പൂർത്തീകരിച്ചിട്ടില്ലായെന്നത് തികച്ചും ലാഘവബുദ്ധിയോടെയാണ് പദ്ധതി ആസൂത്രണ നടപടിക്രമങ്ങളെ വർക്കിംഗ് ഗ്രൂപ്പുകൾ സമീപിച്ചത് എന്ന് വ്യക്തമാക്കുന്നു. പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ ചുമതലകൾ കൃത്യമായി നിർവഹിക്കുകയുണ്ടായില്ല എന്നാണ് ഇത് തെളിയിക്കുന്നത്. ഇപ്രകാരം മതിയായ ആസൂത്രണ മികവില്ലാതെ തയാറാക്കിയ കരട് പ്രോജക്ടുകൾ 3/2017 ൽ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 6-5-2017 ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതായി കാണുന്നു. എന്നാൽ വികസന സെമിനാറിന്റെ മിനിറ്റ്സ് ബുക്കിൽ യോഗത്തിൽ പങ്കെടുത്തവരുടെ ഹാജരല്ലാതെ പ്രോജക്ടുകൾ സംബന്ധിച്ച ചർച്ചകളുടെയും തീരുമാനങ്ങളുടെയും വിവരങ്ങൾ ചേർത്തിട്ടില്ല.

കൂടാതെ പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷികപദ്ധതി തയാറാക്കൽ മാർഗനിർദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29-3-17ലെ 72/2017 നമ്പർ ഉത്തരവിന്റെ അനുബന്ധം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചുമതലകൾ നിർവഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ്ബുക്കുകളിലോ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പടുത്തിയിട്ടില്ല എന്നതിൽ നിന്ന് വ്യക്തമാകുന്നത് പദ്ധതി ആസൂത്രണത്തിൽ ക്രിയാത്മകമായ ഇടപെടലുകൾ സ്റ്റാന്റിംഗ് കമ്മിറ്റികൾ നടത്തിയിരുന്നില്ല എന്നതാണ്.പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്.

24-5-2017 ലെ തീരുമാനം നം.1ആയി ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകാരം നല്കിയ വാർഷികപദ്ധതി പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതി 14-3-18 ലെ ഉത്തരവ് നം.490/17/DPC/DPO/KTM പ്രകാരം അംഗീകാരം നല്കി.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 219 | 75524630 | 97 | 33505220 | 4 | 118 | 44 |

അംഗീകാരം ലഭിച്ച 219 പ്രോജക്ടുകളിൽ 118 എണ്ണവും നടപ്പാക്കിയില്ലയെന്നത് പദ്ധതിനിർവഹണത്തിൽ സ്ഥാപനത്തിന്റെ ശുഷ്കാന്തിയില്ലായ്മയുടെ തെളിവാണ്. കൂടാതെ വികസനഫണ്ടിൽ നിന്ന് നിർബന്ധിത വകയിരുത്തൽ ഉണ്ടാവേണ്ടിയിരുന്ന ആശ്രയ പദ്ധതിക്ക് പ്രോജക്ട് വച്ചിരുന്നുമില്ല. വാർഡടിസ്ഥാനത്തിൽ തുക വീതംവച്ച് നിരവധി പ്രോജക്ടുകളാണ് തയാറാക്കിയത്.ദീർഘവീക്ഷണമോ മതിയായ ഉൾക്കാഴ്ചയോ പ്രോജക്ടുകളുടെ രൂപീകരണത്തിലുണ്ടായില്ല. വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | നിർവഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്ടുകൾ. | നടപ്പിലാക്കിയ പ്രോജക്ടുകൾ | പ്രോജക്ടുകളുടെ വകയിരുത്തൽ | പ്രോജക്ടുകളുടെ ചെലവ് | ചുമതലപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി. |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 5 | 5 | 3273401 | 1334580 | വികസനകാര്യം. |
| 2 | വെറ്ററിനറി സർജൻ | 10 | 8 | 5593000 | 1518848 | വികസനകാര്യം |
| 3 | മെഡി.ഓഫീസർ, പി.എച്ച്.സി | 2 | 2 | 500000 | 499881 | ആരോഗ്യ-വിദ്യാഭ്യാസം |
| 4 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 0 | 375066 | 0 | വികസനകാര്യം |

| | | | | | | |
|---|---|---|---|---|---|---|
| 5 | വി.ഇ.ഓ | 8 | 7 | 8251600 | 6262800 | വികസനകാര്യം,<br>ക്ഷേമകാര്യം. |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 3951800 | 3269547 | ക്ഷേമകാര്യം. |
| 7 | ക്ഷീരവികസന ഓഫീസർ | 1 | 1 | 575000 | 575000 | വികസനകാര്യം. |
| 8 | സെക്രട്ടറി | 28 | 13 (2 എണ്ണം ഭാഗികം) | 6312732 | 2927870 | വികസനകാര്യം,<br>ധനകാര്യം,<br>ആരോഗ്യ-വിദ്യാഭ്യാസം,<br>ക്ഷേമകാര്യം |
| 9 | അസി.എൻജിനീയർ | 144 | 42 (2 എണ്ണം ഭാഗികം) | 41054531 | 12889449 | വികസനകാര്യം |
| 10 | അസി.സെക്രട്ടറി | 13 | 13 | 5637500 | 4227245 | ക്ഷേമകാര്യം |
| ആകെ | | 219 | 97 (4എണ്ണം ഭാഗികം) | 75524630 | 33505220 | |

കാർഷികമേഖലയിൽ ജലസേചനപമ്പ് സെറ്റ് വിതരണം, കിണർ റീചാർജിംഗ്, ജൈവവളവിതരണം എന്നിവയാണ് കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രധാന പ്രോജക്ടുകൾ. പ്രോജക്ടുകൾ കാര്യക്ഷമമായി നിർവഹിച്ചിട്ടുണ്ട്. എന്നാൽ കാർഷികമേഖലയുടെ ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി, പ്രോജക്ടുകളുടെ നിർവഹണ മോണിട്ടറിംഗ് പ്രക്രിയകളിൽ ഫലപ്രദമായി ഇടപെട്ടിരുന്നില്ല എന്ന് രേഖകൾ വ്യക്തമാക്കുന്നു. അമ്പലക്കടവ് കരിമ്പനക്കുളം നീർത്തടവികസനത്തിന് പഞ്ചായത്ത് വിഹിതം നല്കലാണ് പ്രോജക്ട് നം.219/18 വിഭാവനം ചെയ്തത്. എന്നാൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ,ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളോ പ്രവൃത്തി സംബന്ധിച്ച ഭൗതികപരിശോധന നടത്തിയതിന്റെ വിവരങ്ങളില്ല.പ്രവൃത്തിയുടെ ഭൗതികപരിശോധന നടത്തേണ്ടതും അപാകതകൾ ചൂണ്ടിക്കാട്ടി പരിഹാരനിർദേശങ്ങൾ ബന്ധപ്പെട്ട നിർവഹണ ഏജൻസികൾക്ക് നല്കി ആയവ പരിഹരിച്ചുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, പട്ടികജാതി വിഭാഗത്തിനുൾപ്പെടെ കറവപ്പശു, പെണ്ണാട്, മുട്ടക്കോഴി എന്നിവയുടെ വിതരണം തുടങ്ങി വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളാണ് വെറ്ററിനറിസർജൻ നിർവഹണം നടത്തിയത്.കന്നുകാലി ഇൻഷ്വറൻസ്, പോത്തുകുട്ടി വളർത്തൽ എന്നീ പ്രോജക്ടുകൾ നടപ്പാക്കിയില്ല. നിർവഹണ ഉദ്യോഗസ്ഥൻ എല്ലാ പ്രോജക്ടുകളും ഫലപ്രദമായി പൂർത്തീകരിച്ചുവെന്ന് ഉറപ്പാക്കുന്നതിനുള്ള ഇടപെടലുകൾ വർക്കിംഗ് ഗ്രൂപ്പിന്റെയും വികസനസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭാഗത്തുനിന്നുണ്ടായില്ല എന്നതാണ് 2 പ്രോജക്ടുകൾ നടപ്പാക്കാൻ സാധിക്കാത്തതിൽ നിന്ന് വ്യക്തമാകുന്നത്.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പാലിയേറ്റീവ് പരിചരണ പ്രോജക്ട് മെഡി.ഓഫീസർ, പി.എച്ച്.സി കാര്യക്ഷമമായി നടപ്പാക്കി വരുന്നു. എന്നാൽ 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗരേഖ നിർദേശിച്ച വിധം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റി എന്നിവ രൂപീകരിച്ച് യഥാസമയം യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നില്ലയെന്നത് ഉത്തരവാദപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും, സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പോരായ്മയാണ്. സ്ഥാപനതലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യപ്രവർത്തനമെന്നനിലയിൽ ഈ പ്രോജക്ടിന് അർഹിക്കുന്ന പ്രാധാന്യം ഉറപ്പുവരുത്താൻ ഭരണസമിതിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവഹണഉദ്യോഗസ്ഥനായി സമഗ്ര മത്സ്യകൃഷി, മത്സ്യത്തീറ്റ എന്ന പ്രോജക്ടിന് അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും നടപ്പിലാക്കിയില്ല. നിർവഹണ ഉദ്യോഗസ്ഥൻ, വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ ചുമതലാ നിർവഹണത്തിൽ വീഴ്ച വരുത്തിയതാണ് പ്രോജക്ട് നടപ്പാകാത്തതിന് കാരണം.കൂടാതെ ആവശ്യകതയെപ്പറ്റി കൃത്യമായ പഠനമില്ലാതെ പ്രോജക്ട് തയാറാക്കിയതും പ്രോജക്ട് നടപ്പാകാഞ്ഞതിന് കാരണമാണ്.

എസ്.സി, പൊതു വിഭാഗങ്ങളിൽ പെട്ട ഗുണഭോക്താക്കൾക്കായി വീടുകളുടെ ഗുണമേന്മാ വർദ്ധനവ്, എസ്.സി, എസ്.ടി വിഭാഗം വിദ്യാർഥികൾക്ക് പഠനമുറി തുടങ്ങി വികസനകാര്യ,ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളും, മഴവെള്ളസംഭരണി, ഗാർഹികബയോഗ്യാസ് പ്ലാന്റ് തുടങ്ങി ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന

പ്രോജക്ടുകളും വി.ഇ.ഒ യാണ് നിർവഹിച്ചത്.എന്നാൽ പട്ടികജാതി വിഭാഗം മഴവെള്ളസംഭരണി പ്രോജക്റ്റ് നടപ്പിലാക്കുകയുണ്ടായില്ല.പ്രോജക്റ്റിന്റെ ആവശ്യകതാനിർണയത്തിലെ പാളിച്ചമൂലമാണ് ഇപ്രകാരം സംഭവിച്ചത്.വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ പദ്ധതികളുടെ രൂപീകരണത്തിലും, നിർവഹണത്തിലും വേണ്ടത്ര അവധാനത പുലർത്തേണ്ടതാണ്.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ ഉൾപ്പെട്ട അങ്കണവാടി അനുപൂരക പോഷകാഹാരം, ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്,അങ്കണവാടി കുട്ടികൾക്ക് ബേബി ബെഡ്,വികലാംഗർക്ക് പെട്ടിക്കട, തുടങ്ങിയ പ്രോജക്ടുകൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കി. അങ്കണവാടികളുടെ മോണിട്ടറിംഗ് & വെൽഫയർ കമ്മിറ്റി യോഗ മിനിറ്റ്സ് പരിശോധിച്ചതിൽ അങ്കണവാടികളുടെ പ്രവർത്തനവും പോഷകാഹാരവിതരണവും സംബന്ധിച്ച വിലയിരുത്തൽ നടക്കുന്നതായി കാണപ്പെട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിൽ അങ്കണവാടികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യപ്പെട്ട് പ്രോജക്റ്റ് നിർദേശങ്ങൾ ഉണ്ടാവുകയും 4 അങ്കണവാടികളുടെ മെയിന്റനൻസിന് പ്രോജക്റ്റുകൾ വയ്ക്കുകയും 3 എണ്ണം നടപ്പാക്കുകയും ചെയ്തു.അറ്റകുറ്റപ്പണികൾ ആവശ്യമുള്ള അങ്കണവാടികൾ ഇനിയും ഉണ്ട്.എന്നാൽ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യമായ ഇടപെടലുകൾ അങ്കണവാടിയുടെ ദൈനംദിനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാവുന്നില്ല.

ക്ഷീരകർഷകർക്ക് ഇൻസെന്റീവ് എന്ന വികസനസ്റ്റാന്റിംഗ്കമ്മിറ്റിയുടെ ചുമതലയിൽപ്പെട്ട പ്രോജക്ട്, ക്ഷീരവികസന ഓഫീസർ നിർവഹിച്ചു. പ്രോജക്റ്റ് നിർവഹണത്തിൽ കാര്യമായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ പ്രത്യേക ഇടപെടലുകളൊന്നും തന്നെ പ്രോജക്റ്റ് നടത്തിപ്പിൽ ഉണ്ടായില്ല.

ധനകാര്യം, വികസനം, ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം ഉൾപ്പെടെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ചുമതലകളിൽപെട്ട പ്രോജക്റ്റുകൾ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം നേടിയിരുന്നു. എന്നാൽ 28 പ്രോജക്റ്റുകളിൽ 13 പ്രോജക്ടുകളിൽ മാത്രമാണ് തുക ചെലവഴിച്ചത്. സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ,സ്ട്രീറ്റ് മെയിന് മീറ്റർ സ്ഥാപിക്കൽ എന്നീ പ്രോജക്റ്റുകൾ ഭാഗികമായി മാത്രമാണ് നടപ്പായത്. എസ്.എസ്.എ വിഹിതം, സാമൂഹ്യസുരക്ഷാവിഹിതം, ഐ.കെ.എം പ്രവർത്തന ഫണ്ട്, ഹോമിയോ, ആയുർവേദ ഡിസ്പെൻസറികൾക്ക് മരുന്ന്, പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ തുടങ്ങിയ പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. വികസനസ്റ്റാന്റിംഗ് കമ്മിറ്റി ചുമതലയിൽപെട്ട തെരുവ് വിളക്ക് സ്ഥാപിക്കൽ,ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതലയിൽപെട്ട അങ്കണവാടിക്ക് സ്ഥലം വാങ്ങൽ, ലൈഫ് മിഷൻ വിഹിതം, സ്കൂൾ കുട്ടികൾക്ക് യോഗപരിശീലനം, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതലയിൽ വരുന്ന ഐ.എസ്.ഒ സർട്ടിഫിക്കേഷൻ തുടങ്ങിയ പല പ്രോജക്ടുകളും നടപ്പാക്കിയില്ല. പ്രോജക്ടുകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ഫലപ്രദമായ ഇടപെടലുകൾ നടത്താത്തതുമൂലമാണ് ഇപ്രകാരം സംഭവിച്ചത്. ആവശ്യകത കൃത്യമായി വിലയിരുത്തുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകളും പരാജയപ്പെട്ടിരിക്കുന്നു.

അസിസ്റ്റന്റ് എൻജിനീയർ നിർവഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ളവയാണ്.144 പ്രോജക്ടുകളാണ് തയാറാക്കി അംഗീകാരം വാങ്ങിയത്.എന്നാൽ നടപ്പിലാക്കിയത് കേവലം 42 എണ്ണം മാത്രം. ഇതിൽ 2 പ്രോജക്ടുകൾ ഭാഗികമായാണ് നടപ്പായിട്ടുള്ളത്. സ്കൂളുകൾക്ക് അനുബന്ധ സൗകര്യമൊരുക്കൽ, വൃദ്ധർക്ക് വിശ്രമകേന്ദ്രം, മാലിന്യനിർമാർജനത്തിനായുള്ള പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന് കെട്ടിടം, പൊതുശുചിത്വസമുച്ചയം, അങ്കണവാടി കുഴൽകിണറിന് മോട്ടോർ, പൈപ്പ് സ്ഥാപിക്കൽ, വിലാസിനിക്കുന്ന് കുടിവെള്ളപദ്ധതി തുടങ്ങി നടപ്പാക്കേണ്ടിയിരുന്ന അത്യാവശ്യമായ നിരവധി പ്രോജക്ടുകളാണ് നിർവഹണോദ്യോഗസ്ഥൻ ,വികസനസ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ ഉത്തരവാദിത്ത രാഹിത്യം മൂലം നടപ്പാകാതിരുന്നത്.

ഫണ്ടുകൾ വീതംവച്ച് നിരവധി ചെറിയ പ്രോജക്ടുകൾ ഉണ്ടാക്കുന്നതിന് പകരം കൂടുതൽ മുതൽ മുടക്കുള്ള ബൃഹദ് പ്രോജക്റ്റുകളേറ്റെടുക്കുകയും ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ഇച്ഛാശക്തിയുമാണ് സമഗ്രവികസനത്തെ സഹായിക്കുന്നത്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിലുള്ള പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പ്രോജക്ടുകളാണ് നിർവഹണ ഉദ്യോഗസ്ഥനായ അസി.സെക്രട്ടറി നടപ്പിലാക്കിയത്. വാട്ടർടാങ്ക് വിതരണം, ലാപ്ടോപ്പ് വിതരണം, പഠനമുറിനിർമാണം തുടങ്ങി നടപ്പിലാക്കിയ പ്രോജക്റ്റുകൾ സംബന്ധിച്ച ഇടപെടലുകളോ,മോണിട്ടറിംഗോ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയതിന്റെ വിവരങ്ങൾ ഇല്ല.

ചുരുക്കത്തിൽ സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട് പദ്ധതി രൂപീകരണവും നിർവ്വഹണ മേൽനോട്ടവും നടത്തുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചിട്ടുണ്ട്. എന്നിരിക്കിലും നടപ്പിലാക്കിയ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികവളർച്ച, സാമൂഹ്യനീതിവ്യവസ്ഥ തുടങ്ങിയവയ്ക്ക് ഒരുപരിധിവരെ ഉത്തേജനമായിട്ടുണ്ട്. പരിസ്ഥിതിസുരക്ഷയെ സഹായിക്കുന്നതിന് മാലിന്യ നിർമാർജനമുൾപ്പെടെ കാര്യമായ പ്രോജക്റ്റുകൾ ഏറ്റെടുത്തിരുന്നില്ല. ദീർഘവീക്ഷണത്തോടെ, പഞ്ചായത്തിന്റെ സമഗ്രപുരോഗതിയെ ലക്ഷ്യമാക്കി പ്രായോഗികസമീപനത്തോടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തൊഴിലുറപ്പുപദ്ധതി

ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതിയുടെ 2017-18 ലെ വരവ് ചെലവുകൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1315.50 | 565259. | 566574.50 | 564130.25 | 2444.25 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്. | | 11215083. | 11215083. | 11215083 | - |

| | | | | | |
|---|---|---|---|---|---|
| ആകെ | 1315.5 | 11780342. | 11781657.50 | 11779213.25 | 2444.25 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 27720 | 48 |
| കർഷകതൊഴിലാളി പെൻഷൻ | 2810800 | 242 |
| വിധവാപെൻഷൻ | 7411100 | 623 |
| വാർദ്ധക്യകാലപെൻഷൻ | 15101000 | 1221 |
| വികലാംഗപെൻഷൻ | 2701300 | 230 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 352700 | 29 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 30000 | 1 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-7-2018 ന് 3പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3492 /രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഭരണപരമായ നയങ്ങളുടെ പരിപാലനം, പ്രക്രിയകൾ, നടപടിക്രമങ്ങൾ, കടമകൾ, പെരുമാറ്റങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് ആഭ്യന്തരനിയന്ത്രണ സംവിധാനം. തൃപ്തികരമായ ആഭ്യന്തരനിയന്ത്രണം നിലനില്ക്കുന്ന തദ്ദേശസ്ഥാപനങ്ങളിൽ ധനകാര്യ പത്രികകളുടെ കൃത്യത, പൂർണത, ഇടപാടുകളുടെ നിയമസാധുത, മിതവ്യയത്വം, കാര്യക്ഷമത, ഫലപ്രാപ്തി എന്നിവ ഉറപ്പാക്കാൻ സാധിക്കുന്നു എന്നതാണ് സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ആഭ്യന്തരനിയന്ത്രണത്തിന്റെ പ്രസക്തി.

ഓഡിറ്റ് മാന്വൽ ഭാഗം 1 അനുബന്ധം ബി യിലെ ചോദ്യാവലി അടിസ്ഥാനമാക്കി മണിമല ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പഠനവിധേയമാക്കി.ടി പഠനത്തിൽ ഭേദപ്പെട്ട ഒരു ആഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനില്ക്കുന്നതായി കാണുന്നു. മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ ആവശ്യകതയെപ്പറ്റിയും, അത് കാര്യക്ഷമമായി നിലനിർത്തേണ്ട ഉത്തരവാദിത്തത്തെപ്പറ്റിയും ഭരണസമിതിക്ക് ബോദ്ധ്യമുള്ളതായി വിവരശേഖരണത്തിൽ വ്യക്തമാകുന്നു.ഭരണസമിതി കൃത്യമായ ഇടവേളകളിൽ ഓഫീസ് ജീവനക്കാരുടെ യോഗം വിളിച്ച് നിർദേശങ്ങൾ നല്കുകയും അതിൻ പ്രകാരമുള്ള ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ഓഫീസ് മേധാവി ജീവനക്കാർക്ക് ജോലികൾ കൃത്യമായി വിഭജിച്ച് നല്കുകയും ചെയ്തിട്ടുണ്ട്.

അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട് സർക്കാർ നിർദേശിച്ച പ്രകാരമുള്ള അക്കൗണ്ടിംഗ് സമ്പ്രദായം താരതമ്യേന മെച്ചപ്പെട്ട നിലയിൽ നടപ്പിൽവരുത്തിയിട്ടുണ്ട്. കാഷും, ബാങ്കുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ കൃത്യമായി പാലിച്ചുവരുന്നുണ്ട്. ഒരേ വ്യക്തികൾ തന്നെ പണം സ്വീകരിക്കുക, ബാങ്ക്അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്യുക, കണക്കുകളിൽ ഉൾപ്പെടുത്തുക എന്നിവ ഒഴിവാക്കി വ്യത്യസ്ത ഓഫീസ് സെക്ഷനുകളുടെ ചുമതലയിലാക്കിയിട്ടുണ്ട്. എല്ലാ ചെലവുകൾക്കും കൃത്യമായി വൗച്ചറുകൾ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി ഇനങ്ങളിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ കാഷ് ബുക്ക്, മറ്റ് സബ്സിഡിയറി രജിസ്റ്ററുകൾ എന്നിവയിലെ തുകകളുമായി കൃത്യമായി പൊരുത്തപ്പെടുന്നില്ല.

നികുതികൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല.സ്റ്റാന്റിംഗ് കമ്മിറ്റി /ഭരണസമിതി ഇടപെടലുകൾ ഫലപ്രദമല്ല. നികുതിവരവിൽ വർഷാവർഷ താരതമ്യത്തിൽ അസാധാരണമായ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നില്ല.ദീർഘകാല കടിശ്ശികകൾ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച എം.ബുക്കും ഫയലുകളും ശരിയായി സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.മത്സരാധിഷ്ഠിത ടെന്ററിലൂടെ പ്രവൃത്തികൾ നടത്തുന്നതിനാൽ ഇൻവെന്ററി സംബന്ധമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കി വരുന്നു.സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലാണ് ശമ്പളം നിർണ്ണയിച്ച് വിതരണം ചെയ്യുന്നത് .ഇത് സംബന്ധിച്ച രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

ആസ്തിവിവരങ്ങൾ അക്കൗണ്ടിന്റെ ഓപ്പണിംഗ് ബാലൻസിൽ ഉൾപ്പെടുത്തിയപ്പോൾ തരംതിരിവുകൾ കൃത്യമായി നടത്തിയിരുന്നില്ല.ഇപ്പോൾ ആസ്തികൾ കൃത്യമായി തരംതിരിച്ച് അക്കൗണ്ടിംഗ് സമ്പ്രദായമായ സാംഖ്യയിൽ ഉൾപ്പെടുത്തിവരുന്നു.

കാലഹരണപ്പെട്ട ആസ്തികൾ നിയമപരമായ നടപടിക്രമങ്ങൾ പാലിച്ച് ഒഴിവാക്കിവരുന്നു.

ഇതിൽനിന്ന് താരതമ്യേന മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം പഞ്ചായത്തിൽ നിലവിലുള്ളതായി കാണുന്നു. എന്നിരിക്കിലും ഭരണസമിതി ഉദ്യോഗസ്ഥ തലത്തിലെ ഏകോപനക്കുറവും, തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ സ്റ്റാന്റിംഗ്കമ്മിറ്റി, ജനറൽ കമ്മിറ്റി തലങ്ങളിലെ യഥാസമയ അവലോകനമില്ലായ്മയും ഉദ്യോഗസ്ഥ തല ജാഗ്രതക്കുറവും നിലനില്ക്കുന്നതായി ഓഡിറ്റിൽ വ്യക്തമാകുന്നു. ഈ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-4-2018 | 2/2018 | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15-4-16 - 27-4-16 | 2013-14 | LBA(HQ)11/8B/1158 dtd.16/11/2016 |

## 1-12 വാർഷികകണക്കിലെ അപാകതകൾ

വാർഷിക ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക വിശദമായി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു

1. ആസ്തികളുടെ മൂല്യം കൃത്യമായി നിർണ്ണയിച്ച് ബി-11 ഷെഡ്യൂളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യനിർണ്ണയം നടത്തി വാർഷികകണക്കിന്റെ ഭാഗമാക്കിയിട്ടില്ല.
2. തൻവർഷകുടിശിക തുകകൾക്ക് അക്കൗണ്ട്സ് മാനവൽ പ്രകാരമുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
3. മണിമല സർവ്വീസ് സഹകരണ ബാങ്കിന്റെ ബാങ്ക് ബുക്ക്/പാസ്ബുക്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ ബാങ്കിൽ നേരിട്ട് വന്നതും /ബാങ്കിൽ നിന്ന് നേരിട്ട് ചെലവായതുമായ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
4. സ്റ്റെയിൽ ചെക്ക് ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന 27405/-രൂപയുടെ വിവരം ലഭ്യമല്ല.
5. വസ്തുനികുതി സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള വരവ് നീക്കിയിരിപ്പ് തുകകൾ സാംഖ്യ സോഫ്റ്റ്വെയർ പ്രകാരമുള്ള വരവ് നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
6. പഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി 15000/-രൂപ രസീത് നല്കാതെ ശമ്പളത്തിൽ നിന്ന് നേരിട്ട് റിക്കവറി നടത്തിയതായി വാർഷികകണക്ക് പ്രകാരം കാണുന്നു.
7. 2013 ൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന കമ്പനിക്ക് മുൻകൂർ നല്കി നാളിതുവരെ ക്രമീകരിക്കാത്ത തുക 1164024/-രൂപ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.
8. വാർഷികകണക്കിനൊപ്പം സമർപ്പിച്ചിരിക്കുന്ന ട്രയൽ ബാലൻസിൽ ക്ലോസിംഗ് ബാലൻസ് ജനറേറ്റ് ചെയ്യപ്പെട്ടില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പിരിവ് -അപാകതകൾ

പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ വസ്തുനികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് ഇവ പരിശോധന നടത്തുന്നതിനും, കൃത്യമായി നികുതി പിരിച്ചെടുക്കുന്നതിനും, പുതിയ നികുതി സ്രോതസ്സുകൾ കണ്ടെത്തുന്നതിനും, അർഹമായ ഇളവുകൾ അനുവദിക്കുന്നതിനും, നികുതി പിരിവ് ചുമതലയുള്ള ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് ബാധ്യതയുണ്ട്.പഞ്ചായത്തുകളിലെ വസ്തു നികുതി പിരിവ് ഐ.കെ.എം തയ്യാറാക്കിയിട്ടുള്ള സഞ്ചയ സോഫ്റ്റ് വെയർ അടിസ്ഥാനമാക്കി നടക്കുന്നതിനാൽ ധനകാര്യസ്റ്റന്റിംഗ് കമ്മറ്റിയുടെ ഇടപെടൽ ഇല്ലാതെ ഉദ്യോഗസ്ഥ നിയന്ത്രണത്തിൽ മാത്രമാണ് വസ്തു നികുതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുന്നത്.പഞ്ചായത്തിന്റെ ധനസ്ഥിതിയെ ബാധിക്കുന്നതും സഞ്ചയ സോഫ്റ്റ് വെയറിൽ നിലനില്ക്കുന്നതുമായ അപാകതകൾ പോലും പരിഹരിക്കുന്നതിന് മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരുടെയോ ഭരണസമിതിയുടെയോ ഇടപെടൽ ഉണ്ടായിട്ടില്ല എന്ന് കാണുന്നു.

(ഇ) ബി. എസ്. എൻ. എൽ ടവറുകളുടെ വസ്തുനികുതി അടക്കുന്നില്ല

പഞ്ചായത്ത് പരിധിയിലുള്ള 13 മൊബൈൽ ടവറുകളിൽ ബി.എസ്.എൻ എൽ ന്റെ ഉടമസ്ഥതയിലുള്ള 3 ടവറുകളുടേതായി 156846/- രൂപ കുടിശിക ഉണ്ട്.നികുതി കുടിശിക വിവരം ധനകാര്യസ്റ്റന്റിംഗ് കമ്മറ്റിയുടെ പരിഗണനയിൽ വന്നതായി കാണുന്നില്ല.കുടിശിക ഈടാക്കാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി നിർണയിച്ച് ഈടാക്കുന്നതിൽ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററും ഫയലും പരിശോധിച്ചതിൽ നിരവധി സ്ഥാപനങ്ങൾ

ജീവനക്കാരുടേയും, സ്ഥാപനത്തിന്റേയും തൊഴിൽ നികുതി അടച്ചിട്ടില്ല എന്ന് കണ്ടു. എന്നാൽ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ വരവ് തുക ഡിമാന്റായി പരിഗണിച്ച് ഡി. സി.ബി. തയ്യാറാക്കുകയാണ് ചെയ്തിട്ടുള്ളത്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (5/ 10.07.18) ലഭ്യമാക്കിയ മറുപടിയിൽ അപാകത ശ്രദ്ധയിൽ പെട്ടിരുന്നില്ല എന്നും തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും പിഴ പലിശ സഹിതം ഈടാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ നികുതി ഒടുക്കാത്ത സാഹചര്യം നിലനിന്നിട്ടും അപാകത മനസ്സിലാക്കാതെ ഡി.സി.ബി. അംഗീകരിച്ച സെക്രട്ടറിയുടെ നടപടി ക്രമപ്രകാരമല്ല. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 162എ അനുസരിച്ച് ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ബജറ്റ് മുതലായവയൊക്കെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയിൽപ്പെട്ട വിഷയങ്ങളാണ്. എന്നാൽ ഇത്തരം ചുമതലകളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശരിയാം വിധം നിർവഹിച്ചതായി കാണുന്നില്ല.

1) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ | നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|
| മുളമൂട്ടിൽ ഫിനാൻസിയേഴ്സ് പൊന്തൻപുഴ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| മുളമൂട്ടിൽ ഫിനാൻസിയേഴ്സ് മുക്കട | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| സനിൽകുമാർ, ആധാരം എഴുത്ത് ഓഫീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| ക്ഷീരോത്പാദക സംഘം കൊന്നക്കുളം | രണ്ടാം അർദ്ധവർഷം |
| ക്ഷീരോത്പാദക സംഘം മണിമല | ഒന്നാം അർദ്ധവർഷം |
| സെന്റ്.ജെയിംസ് കോൺക്രീറ്റ് വർക്സ് | രണ്ടാം അർദ്ധവർഷം |

2) സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്തതിന്റ വിവരം ചുവടെ ചേർക്കുന്നു.

| നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ | നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|
| കെ.എസ്.ഇ. ബി. മണിമല | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| ബി.എസ്. എൻ.എൽ. | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| മുളമൂട്ടിൽ ഫിനാൻസിയേഴ്സ് പൊന്തൻപുഴ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| മുളമൂട്ടിൽ ഫിനാൻസിയേഴ്സ് മുക്കട | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| ക്ഷീരോത്പാദക സംഘം കൊന്നക്കുളം | രണ്ടാം അർദ്ധവർഷം |
| ക്ഷീരോത്പാദക സംഘം മണിമല | ഒന്നാം അർദ്ധവർഷം |
| സി.സി.എം. സിറിയക് ചാവറ മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി സമയാസമയങ്ങളിൽ ഇത്തരം വിഷയങ്ങളിൽ പരിശോധന നടത്തേണ്ടതും പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 2-3 ഡി & ഒ ട്രേഡ് ലൈസൻസ് - നടപടിക്രമങ്ങളിൽ അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് ( ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 31.10.2017 ൽ സർക്കാർ ജി.ഒ.(പി) 80/2017 പ്രകാരം 1.11.17 പ്രാബല്യത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. 1.11.17 മുതൽ ലൈസൻസ് നൽകേണ്ടിയിരുന്നത് ജി.ഒ.(പി) 80/ 2017 അടിസ്ഥാനമാക്കിയായിരുന്നു. എന്നാൽ 2017-18 സാമ്പത്തിക വർഷം ലൈസൻസ് ( 1.11.17 ന് ശേഷവും) നൽകിയത് 1996 ലെ ചട്ടപ്രകാരമാണ്. പുതുക്കിയ ചട്ടം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചർച്ച ചെയ്യുകയോ , ചട്ടം നടപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയല്ല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തെ ഡി&ഒ ട്രേഡ് ലൈസൻസ് സംബന്ധിച്ച രജിസ്റ്ററും ഫയലും പരിശോധിച്ചതിൽ തൻവർഷം 141 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട് എന്ന് കാണുന്നു. ഈ ഇനത്തിൽ 28060 രൂപ വരവ് വന്നിട്ടുണ്ട്. ലൈസൻസ് നൽകിയിട്ടുള്ള 141 സ്ഥാപനങ്ങളിൽ 41 സ്ഥാപനങ്ങൾ തൻവർഷം പുതുതായി ലൈസൻസ് നേടിയതാണ് എന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. 2016-17 സാമ്പത്തികവർഷം 133 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിരുന്നത്. അതായത് നിലവിലുണ്ടായിരുന്ന സ്ഥാപനങ്ങളിൽ തൻവർഷം 100 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. മുൻവർഷം ലൈസൻസ് എടുത്തിരുന്ന 33 സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് പുതുക്കാതെ പ്രവർത്തിച്ചിട്ടും അപ്രകാരമുള്ള സ്ഥാപനങ്ങൾ കണ്ടെത്തി നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം വിവിധ വാർഡുകളിലായി 207 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇത് പ്രകാരം 66 സ്ഥാപനങ്ങൾ (207 –

141) തൻവർഷം ലൈസൻസ് പുതുക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആകെ 141 സ്ഥാപനങ്ങളല്ല ഉള്ളത് എന്നറിവുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ആവശ്യമായ ഇടപെടൽ നടത്തിയിട്ടില്ല.ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്തം പാലിക്കുന്നവെന്ന് ഉറപ്പവരുത്തേണ്ടതാണ്.

2016-17 സാമ്പത്തികവർഷം 133 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയപ്പോൾ 39000രൂപ വരവുണ്ടായിരുന്നു. എന്നാൽ തൻവർഷം 141 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയെങ്കിലും ഈ ഇനത്തിൽ 28060 രൂപ മാത്രമാണ് വരവ് വന്നിട്ടുള്ളത്. മുൻവർഷത്തേക്കാൾ 8 സ്ഥാപനങ്ങൾ വർദ്ധിച്ചപ്പോൾ വരുമാനത്തിൽ 10940 രൂപയുടെ കുറവുണ്ടായിട്ടും ഉദ്യോഗസ്ഥതലത്തിലോ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ അപാകത മനസ്സിലാക്കി ആവശ്യമായ ഇടപെടൽ നടത്തിയിട്ടില്ല. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

സാമ്പത്തിക വർഷം 20 കോഴി ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ലൈസൻസ് നേടിയ സ്ഥാപനങ്ങളിൽ 6 സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് പുതുക്കിയിട്ടില്ല. ഇത്തരം ഉപയോഗത്തിലേക്ക് 80 കെട്ടിടങ്ങൾ നികുതി നിർണ്ണയം നടത്തിയിട്ടുള്ളതായി സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും വ്യക്തമാകുന്നു.എന്നാൽ പ്രവർത്തനലൈസൻസ് എടുത്തത് കേവലം 20 സ്ഥാപനങ്ങളാണെന്നതിൽ നിന്ന് അനധികൃതമായി കോഴിഫാമുകൾ പ്രവർത്തിക്കുന്നവെന്നാണ് വ്യക്തമാകുന്നത്. സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഉദ്യോഗസ്ഥരുടെയും ഏകോപിതനടപടികളിലൂടെ ഇത്തരം വരുമാനചോർച്ചകൾ ഒഴിവാക്കേണ്ടതാണ്.

ലൈസൻസ് നേടിയ പല സ്ഥാപനങ്ങളിൽ നിന്നും വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയില്ല എന്ന് കാണുന്നു. ഉദാഹരണമായി മണിമല സർവ്വീസ് സഹകരണ ബാങ്കിന്റെ രണ്ട് വളം വിൽപനശാലകൾ ലഭ്യമാക്കിയ അപേക്ഷ പ്രകാരം ഒരു ദിവസത്തെ വിറ്റുവരവ് 32000 രൂപയാണ്. ഇതനുസരിച്ച് 1000 രൂപ നിരക്കിൽ ഫീസ് ഈടാക്കേണ്ടിയിരുന്നു. എന്നാൽ 200 രൂപ നിരക്കിലാണ് ഫീസ് ഈടാക്കിയിട്ടുള്ളത്. ഇപ്രകാരം മേൽപ്രസ്താവിച്ച രണ്ട് സ്ഥാപനങ്ങളിൽ നിന്നായി ഫീസിനത്തിൽ 1600 രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

കൂടാതെ പല സ്ഥാപനങ്ങളിൽ നിന്നും മോട്ടോറിന്റെ കുതിരശക്തിക്കനുസരിച്ച് ഫീസ് ഈടാക്കിയിട്ടില്ല. റ്റി.ജെ.തോമസ്, തയ്യിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള തടിമില്ലിന് ലൈസൻസ് നൽകിയപ്പോൾ മോട്ടോർ ഉപയോഗിക്കുന്നതിനുള്ള ഫീസ് 500 രൂപയാണ് ഈടാക്കിയിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന്റെ അപേക്ഷ പരിശോധിച്ചതിൽ 61 HP മോട്ടോർ ഉപയോഗിക്കുന്നതായി കാണുന്നു. ഇത് പ്രകാരം 1000 രൂപ ഫീസ് ഈടാക്കേണ്ടിയിരുന്നു.

വസ്തു നികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം വാണിജ്യാവശ്യം എന്ന ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ളവ | 484 |
| 100 മുതൽ 200 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ളവ | 16 |
| 200 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ളവ | 3 |
| ഇതര വ്യവസായത്തിനുള്ളവ | 27 |
| ആകെ | 530 |

530 സ്ഥാപനങ്ങൾ വാണിജ്യാവശ്യത്തിനുള്ള ഉപയോഗക്രമത്തിന് എന്ന് കാണിച്ച് നികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും 141 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്. തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടില്ല എന്ന് വ്യക്തമാകുന്നു. മേൽ വിഷയങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം.4ന് ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ലൈസൻസിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ ആവശ്യമായ പരിശോധനകൾ നടക്കുന്നുണ്ടെന്നും കണക്കാക്കിയ ഫീസ് നിയമാനുസൃതമാണെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കേണ്ടതും കൃത്യമായ ഇടവേളകളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധനകൾ നടത്തി പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 2-4 റോഡ് സൈഡിൽ നിന്ന തേക്ക് മരം വെട്ടിയത്

മണിമല ഗ്രാമപഞ്ചായത്തിലെ വാർഡ് X11ൽ വെള്ളപ്പുരയിടം ഭാഗത്തുള്ള ഇടവഴിയുടെ സൈഡിൽ നിന്നിരുന്ന തേക്കുമരം നാരായണമംഗലം വീട്ടിൽ സോമരാജൻ എന്നയാൾ മുറിച്ചുമാറ്റിയതായി 22.03.18 ൽ തദ്ദേശവാസികൾ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് പരാതി സമർപ്പിച്ചു. 26.02.18 ൽ എ2.1499/18 നമ്പർ കത്ത് പ്രകാരം, മുറിച്ചുമാറ്റിയ തേക്ക്മരം പൊതുവഴിയുടെ സൈഡിൽ നിൽക്കുന്നതും ടിയാളുടെ ഉടമസ്ഥാവകാശം ബോദ്ധ്യപ്പെട്ടിട്ടില്ലാത്തതുമായതിനാൽ ഉടമസ്ഥത തീർപ്പാക്കുന്നതുവരെ തടി സ്ഥലത്തുനിന്നും മാറ്റരുതെന്ന് അറിയിച്ചിരുന്നു. 27.03.18 ലെ A1-1499/19 നമ്പർ കത്ത് പ്രകാരം താലൂക്ക് സർവ്വേയറോട് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പഞ്ചായത്ത് അധികാരികളെ അറിയിക്കാതെ സ്ഥലപരിശോധന നടത്തി മരം സോമരാജന്റെ വസ്തുവിൽ ഉൾപ്പെട്ടതാണ് എന്ന് 18.4.18 H5- 2238/ 18/ LDS നമ്പർ കത്ത് പ്രകാരം അറിയിക്കുകയാണ് ചെയ്തിട്ടുള്ളത്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം ഉണ്ടാകുന്ന സാഹചര്യത്തിൽ ഇരുകക്ഷികളുടേയും സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തേണ്ടതിന് പകരം ഏകപക്ഷീയമായി താലൂക്ക് സർവ്വേയർ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് നൽകിയ നടപടി ക്രമപ്രകാരമല്ല.. ഇതിനെതിരേ ഗ്രാമപഞ്ചായത്ത് സെക്രട്ടറി താലൂക്ക് സർവ്വെയർക്ക് പരാതി ബോധിപ്പിച്ചിട്ടുണ്ട് എന്ന് സെക്രട്ടറിയും, പ്രസിഡന്റും അറിയിച്ച എങ്കിലും പരാതികളുടെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത്രയും ഗൗരവതരമായ വിഷയം ഉണ്ടായിട്ടും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഫലപ്രദമായി ഇടപെട്ടതായി

കാണുന്നില്ല. മരം മുറിച്ചുമാറ്റിയതായുള്ള പരാതി ലഭിച്ച് സ്ഥലപരിശോധന നടത്തിയ ഉദ്യോഗസ്ഥർ മരത്തിന്റെ അളവുകൾ സംബന്ധിച്ച വിവരങ്ങൾ (മരത്തിന്റെ വണ്ണം, നീളം മുതലായവ) രേഖപ്പെടുത്തിയിട്ടില്ല. തടി സ്ഥലത്തുനിന്നും മാറ്റിയതിനാൽ ഉടമസ്ഥാവകാശം തിരികെ ലഭിച്ചാലും തടിയുടെ അളവ് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രശ്ന പരിഹാരം സങ്കീർണ്ണമാകും. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ അടിയന്തിരമായി ഇടപെടേണ്ടതും, ജില്ലാ സർവ്വേയർക്ക് പരാതി നൽകി വീണ്ടും സ്ഥല പരിശോധന നടത്തി പഞ്ചായത്തിന്റെ ആസ്തി നഷ്ടപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 2-5 മുറിച്ചുമാറ്റിയ മരം ലേലം ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്തിലെ XV-ാം വാർഡിൽ ശ്രീമതി മറിയാമ്മ പള്ളിപ്പറമ്പിൽ എന്നയാളുടെ വീടിന് സമീപം തോട്ടുപുറമ്പോക്കിൽ അപകടകരമായി നിൽക്കുന്ന കരിം തകര മരം മുറിച്ചുനീക്കണമെന്നുള്ള ടിയാരിയുടെ അപേക്ഷ പരിഗണിച്ച് ശ്രീ. വിജയൻ എ.കെ. എന്നയാളെക്കൊണ്ട് മേൽ പ്രസ്താവിച്ച മരം മുറിച്ച് മാറ്റുകയും, ആയതിന്റെ കൂലി ഇനത്തിൽ 5000 രൂപ വൗച്ചർ നം 21700593/ 1/2018 (ചെക്ക് നം. 9357/ 15.01.18) നൽകിയിട്ടുമുണ്ട്. എന്നാൽ പ്രസ്തുത മരം മൂല്യനിർണ്ണയം നടത്തി ലേലം ചെയ്തതായി ഫയലിൽ നിന്നും വ്യക്തമാകാത്തതിനാൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (7/10.07.18 ) ലഭ്യമാക്കിയ മറുപടിയിൽ 6/18ൽ സോഷ്യൽ ഫോറസ്ട്രിയിൽ നിന്നും മരം അളന്ന് പരിശോധന നടത്തിയതായും വൃക്ഷത്തിന്റെ വില നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് ലേല നടപടികൾ ആരംഭിക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്. മുറിച്ചിട്ട മരം വെയിലും മഴയും ഏറ്റ് നശിച്ചുപോകുന്നതിനും മോഷണം പോകുന്നതിനും സാധ്യതയുള്ളതിനാൽ അടിയന്തിരമായി സോഷ്യൽ ഫോറസ്ട്രി ഓഫീസിൽ നിന്നും തടിയുടെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ലേല നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 2-6 കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ നിയന്ത്രണചട്ടങ്ങളുടെ നടത്തിപ്പ് ഫലപ്രദമല്ല

ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യചുമതലയായ കെട്ടിടനിർമ്മാണ നിയന്ത്രണം നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയാണ്.2011ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ നിയന്ത്രണചട്ടങ്ങൾ പാലിച്ചാണ് നിർമ്മാണ പ്രവൃത്തികൾ നടക്കുന്നതെന്നും, അനധികൃതനിർമ്മാണം/അനുമതിയില്ലാത്ത നിർമ്മാണം എന്നിവ നടക്കുന്നില്ലെന്നും പ്രാദേശിക ഭരണവ്യവസ്ഥ ഉറപ്പുവരുത്തണം.എന്നാൽ ഓഡിറ്റിന്റെ പരിശോധനയിൽ ഉദ്യോഗസ്ഥ തലത്തിൽ നടക്കുന്ന സാധാരണ നടപടികൾ ഒഴികെ ഭരണപരമായ ഇടപെടലുകൾ ഇക്കാര്യത്തിൽ ഉണ്ടാകുന്നില്ല എന്ന് കാണുന്നു. പെർമിറ്റ് രജിസ്റ്റർ, വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

1. അനധികൃതനിർമ്മാണം/അനുമതിയില്ലാത്ത നിർമ്മാണം നിയന്ത്രിക്കപ്പെടുന്നില്ല.

100 ചതുരശ്രമീറ്ററിന് താഴെയുള്ള കെട്ടിടങ്ങളുടെ നിർമ്മിതിക്ക് എൻ.ഒ.സിയും അതിന് മുകളിലുള്ളവയ്ക്ക് പെർമിറ്റും ഉറപ്പാക്കി മാത്രം കെട്ടിട നിർമ്മാണം നടത്തണമെന്നിരിക്കെ ഇവ ഉറപ്പാക്കാതെ നിർമ്മാണം നടത്തിയശേഷം ക്രമവൽക്കരണത്തിന് അപേക്ഷ സമർപ്പിക്കുമ്പോൾ കെട്ടിടനമ്പർ നൽകുന്ന രീതി പഞ്ചായത്തിൽ വ്യാപകമാണ്. വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ 2017-18 വർഷം നികുതി നിർണ്ണയം നടത്തിയ 7 വാർഡുകളിലെ 76 കെട്ടിടങ്ങളിൽ 24 എണ്ണത്തിലും ക്രമവൽക്കരണത്തിനായാണ് അപേക്ഷ ലഭിച്ചത് (31%). അതായത് അനധികൃത നിർമ്മാണം കണ്ടെത്തി നിയന്ത്രിക്കുന്നതിന് ശക്തമായ ഉദ്യോഗസ്ഥ/ഭരണ സംവിധാനം പഞ്ചായത്തിൽ നിലവിലില്ല. ഫീൽഡ് ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും ഏകോപിപ്പിച്ചുള്ള പ്രവർത്തനത്തിലൂടെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി സ്റ്റോപ് മെമ്മോ നല്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ സമയക്രമം പാലിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം കെട്ടിട പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവ അംഗീകരിച്ചതോ നിരസിച്ചതോ ആയ വിവരം സെക്രട്ടറി കക്ഷികളെ അറിയിക്കേണ്ടതാണ്.എന്നാൽ സങ്കേതം സോഫ്റ്റ് വെയറിൽ സമർപ്പിക്കുന്ന അപേക്ഷകൾ നിശ്ചിത സമയപരിധി പൂർത്തിയായ ശേഷം മാത്രം നിരാകരിക്കുന്നത് തുടർച്ചയായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര്, വിലാസം | അപേക്ഷനം., തീയതി | നിരാകരിച്ച തീയതി |
|---|---|---|
| ജസ്സിജോർജ്,വയലിൽ | എ2/5096/15-11-17 | 29-1-18 |
| കെ.ബി പ്രദീപ്,കരിമ്പൻകുഴി | എ2/5693/21-12-17 | 27-1-18 |

പൊതുജനത്തിന് യഥാസമയം സേവനം ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് പൊതു ഭരണ ചുമതലയുള്ള ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയാണ്.എന്നാൽ ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധേയമായ ഇടപെടൽ ഉണ്ടായിട്ടുള്ളതായി കാണുന്നില്ല.

3.ക്രമവൽക്കരണം - ഫീസ് ഇടാക്കുന്നതിൽ കുറവ്.

തദ്ദേശ സ്വയം ഭരണ വകുപ്പ് (ആർ.ഡി)സെക്രട്ടറിയുടെ 229813/ആർ.ഡി -2/15 നമ്പർ കത്തിലൂടെ പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവൽക്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് .നിലവിൽ സങ്കേതം സോഫ്റ്റ് വെയർ പ്രകാരം ക്രമവൽക്കരണ കേസുകളിൽ രാജിയാക്കൽ ഫീസ് മാത്രമാണ് ജനറേറ്റ് ചെയ്ത് വരുന്നതും കക്ഷികളിൽ നിന്നും ഈടാക്കുന്നതും.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്,വിലാസം | പ്ലിന്ത് ഏരിയ | ക്രമവല്കരണത്തിന് ഈടാക്കേണ്ട ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| എലിസബത്ത്,ജോസഫ്,വെട്ടത്തു പുത്തൻ വീട് | 213.42 | 213.42*9=1920.78 | 213.42*6=1280.52 | 640.26 |
| ജോർജ് ജോസഫ്,സെൻട്രൽ ഡവലപ്മെന്റ ട്രസ്റ്റ് | 170.73 | 170.73*9=1536.57 | 170.73*6=1024.38 | 512.19 |

പഞ്ചായത്തിന് ഫീസിനത്തിൽ ലഭിക്കേണ്ട തുകയിൽ സോഫ്റ്റ് വെയർ അപാകം മൂലം കുറവുണ്ടാകുന്നത് സാങ്കേതിക വിഭാഗവുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതും,സോഫ്റ്റ് വെയർ നിലവിൽ വന്ന ശേഷം ക്രമവല്കരണ കേസുകളിൽ ഈടാക്കിയ ഫീസ് പുന:പരിശോധിച്ച് കുറവു വന്ന തുക ബന്ധപ്പെട്ട കക്ഷികളിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

## 2-7 പഞ്ചായത്ത് സ്റ്റേഡിയം - രേഖകൾ ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിൽ ഒന്നാം വാർഡിൽ 2.5 ഏക്കറിലധികം വിസ്തീർണ്ണമുള്ള സ്റ്റേഡിയം ഉണ്ട് എന്നും സ്റ്റേഡിയത്തിന്റെ മൂന്ന് വശവും കല്ല് കെട്ടി അതിർത്തി തിരിച്ചിട്ടുണ്ട് എന്നും അതിർത്തി കെട്ടിത്തിരിക്കാത്ത ഭാഗത്ത് കൈയ്യേറ്റം നടന്നിട്ടുണ്ട് എന്നും പഞ്ചായത്ത് മെമ്പർമാർ അറിയിച്ചതിൻ പ്രകാരം സ്റ്റേഡിയം സംബന്ധിച്ച ഫയലും ആധാരവും പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 16/ 16.07.18 ന് ലഭിച്ച മറുപടിയിൽ സ്റ്റേഡിയത്തിന്റെ ആധാരവും ഫയലും കണ്ടെത്താനായില്ലായെന്നും സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും ആധാരത്തിന്റെ പകർപ്പ് ലഭ്യമാക്കി നൽകുന്നതാണെന്നും സെക്രട്ടറി മറുപടി നൽകുകയുണ്ടായി. രണ്ടര ഏക്കറിലധികം വിസ്തീർണ്ണമുള്ള സ്റ്റേഡിയത്തിന്റെ ആധാരവും ഫയലും കണ്ടെത്താനായില്ല എന്ന വസ്തുത പഞ്ചായത്തിന്റെ ആസ്തിയുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട രേഖയുടെ സൂക്ഷിപ്പിലെ വീഴ്ചയാണ്. സ്ഥാപനത്തിന്റെ സ്ഥാവര ജംഗമ വസ്തുക്കളുടെ കസ്റ്റോഡിയനായ സെക്രട്ടറിയുടെയും പഞ്ചായത്ത് ഭരണസമിതിയുടേയും, സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭാഗത്തുനിന്നുള്ള കൃത്യവിലോപമാണ് ഇത്. ഇക്കാര്യത്തിൽ കാര്യമായ തുടർ നടപടികൾ സ്വീകരിച്ചതായും കാണുന്നില്ല. അടിയന്തിരമായി ആധാരവും ഫയലും കണ്ടെത്തേണ്ടതും സ്റ്റേഡിയത്തിൽ അനധികൃത കൈയ്യേറ്റം നടന്നിട്ടുണ്ടെങ്കിൽ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും സ്റ്റേഡിയം അളന്ന് തിരിച്ച് അതിർത്തികെട്ടി സംരക്ഷിക്കേണ്ടതുമാണ്. തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സ്ട്രീറ്റ് ലൈറ്റ് കറന്റ് ചാർജ് ഇനത്തിൽ വൻ തുക അടവാക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 162എ (1) ഗ്രാമപഞ്ചായത്തിന്റെ ധനകാര്യം, പൊതുഭരണം എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയിൽ ഉൾപ്പെട്ട വിഷയങ്ങളാണ്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഫലപ്രദമായി ഇടപെടാത്തതിനാൽ സ്ട്രീറ്റ് ലൈറ്റ് കറന്റ് ചാർജ് ഇനത്തിൽ ഓരോ മാസവും വൻതുക ഗ്രാമ പഞ്ചായത്ത് ചെലവഴിക്കേണ്ടിവരുന്നു. ഉപയോഗിക്കുന്ന കറണ്ടിന്റെ അളവ് രേഖപ്പെടുത്താതെ കെ.എസ്.ഇ.ബി. മാസാമാസങ്ങളിൽ നൽകുന്ന ബിൽ പ്രകാരം ഒരോ മാസവും 44601 രൂപ സ്ട്രീറ്റ് ലൈറ്റ് കറന്റ് ചാർജ് ഇനത്തിൽ പഞ്ചായത്ത് അടവാക്കേണ്ടിവരുന്നു. ഏതൊക്കെ വാർഡുകളിൽ ഏതൊക്കെ റീച്ചുകളിൽ സ്ട്രീറ്റ് ലൈറ്റ് ഉണ്ട് എന്നും പ്രവർത്തിക്കുന്ന സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം, ഉപയോഗിക്കുന്ന ബൾബുകളുടെ ഇനം തുടങ്ങിയ പ്രാഥമിക വിവരം പഞ്ചായത്ത് നാളിതുവരെ ശേഖരിച്ച് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ചുരുക്കത്തിൽ ഉപയോഗിക്കുന്ന വൈദ്യുതിക്കാണ് ബിൽ അടവാക്കുന്നത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. സ്ട്രീറ്റ് ലൈറ്റ് കണക്ഷനുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനായി പണം നിക്ഷേപിച്ചിട്ടുണ്ട് എങ്കിലും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മീറ്ററിംഗ് ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കെ.എസ്.ഇ.ബി. അധികാരികളുമായി ബന്ധപ്പെടേണ്ടതും, സ്ട്രീറ്റ് ലൈറ്റ് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് രജിസ്റ്റർ തയ്യാറാക്കുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ നിർദ്ദേശങ്ങൾ നൽകി ഈ ഇനത്തിൽ പാഴ്ച്ചെലവ് ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 3-2 പട്ടികജാതി വികസനത്തിനായി ലഭിച്ച 31.64 ലക്ഷം രൂപ ചെലവഴിക്കാതെ സർക്കാർ കമ്പനിയിൽ ഡെപ്പോസിറ്റായി സൂക്ഷിച്ചിരിക്കുന്നു

പ്രോജക്ട് – പൊന്തൻപുഴ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം

പ്രോജക്ട് നം. SO154/IV, SO45/13

ഫണ്ടിനം – വികസന ഫണ്ട് (എസ്.സി.പി.)

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി, എ.ഇ.

ഓരോ നിയോജക മണ്ഡലത്തിലെയും എം.എൽ.എ നിർദ്ദേശിക്കുന്ന ഒരു പട്ടിക ജാതി കോളനിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് പട്ടികജാതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സ്വയം പര്യാപ്ത ഗ്രാമം. മണിമല ഗ്രാമ പഞ്ചായത്തിലെ പൊന്തൻപുഴ പട്ടികജാതി കോളനി ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുകയും ഒരു കോടി രൂപ അടങ്കലിൽ കമ്മ്യൂണിറ്റി ഹാൾ ,ചുറ്റുമതിൽ,കോളനിയിലെ അങ്കണവാടി പുനരുദ്ധാരണം എന്നീ പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാർ കമ്പനിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന് ഡിപ്പോസിറ്റ് വർക്കായി നല്കുകയും ചെയ്തിട്ടുണ്ട്.

16-3-2013 ലെ 1(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം 8455311/- രൂപ അടങ്കലുള്ള കമ്യൂണിറ്റി ഹാൾ നിർമ്മാണത്തിന്, 'സ്വയം പര്യാപ്ത ഗ്രാമം' പദ്ധതിയിൽ ഉൾപ്പെട്ട 4515747/- രൂപയിൽ അധികമായി വരുന്ന തുക 3935564/-രൂപ പഞ്ചായത്തിന്റെ എസ്.സി.പി വിഹിതത്തിൽ നിന്നും നല്കുന്നതിന് തീരുമാനിക്കുകയും, അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി വികസന ഫണ്ട് (എസ്.സി.പി) 1164024/- രൂപയും (ഡി.ഡി നം. 023775 തീ 9-4-13)സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി എസ്.സി.പി വിഹിതത്തിൽ നിന്നും 20,00,000/- രൂപ (ഡി.ഡി നം.950140/8-11-13)യും സഹിതം ആകെ 3164024/- രൂപ നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ഇതിൽ 20ലക്ഷം രൂപ ക്രമീകരിക്കാത്ത മുൻകൂറായി 2017-18 വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

പ്രസ്തുത കമ്മ്യൂണിറ്റിഹാൾ നേരിൽ പരിശോധിച്ചതിൽ പട്ടികവർഗ്ഗവകുപ്പ് അംഗീകരിച്ച പ്ലാൻ പ്രകാരമുള്ള കെട്ടിടം നിർമ്മിച്ച വരുന്നതായി കാണുന്നു. 8455311/- രൂപ അടങ്കലോടുകൂടിയതും മുകൾ നിലയിൽ റൂഫിംഗോടു കൂടിയതുമായ, പഞ്ചായത്ത് ഫയലിൽ സൂക്ഷിച്ചിട്ടുള്ള പ്ലാൻ ഉപേക്ഷിച്ച നിലയിലാണ്. പ്രസ്തുത പ്ലാൻ, എസ്റ്റിമേറ്റ് എന്നിവക്ക് പട്ടികജാതി വകുപ്പ് ഭരണാനുമതിയോ സാങ്കേതിക അനുമതിയോ നല്കിയിട്ടുള്ളതായി കാണുന്നില്ല. ഇത് തയ്യാറാക്കിയിരിക്കുന്നതാകട്ടെ നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡാണ്. പട്ടികജാതി വകുപ്പുമായി സംയോജിത പദ്ധതി പോലും തയ്യാറാക്കാതെ,പഞ്ചായത്തിന് ഉടമസ്ഥാവകാശം ഇല്ലാത്ത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന് തുക നല്കിയ പഞ്ചായത്ത് തീരുമാനം ക്രമവിരുദ്ധമാണ്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് 09.07.2018ൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3) ഇപ്പോൾ പണി തീർന്നിരിക്കുന്ന കെട്ടിട ഭാഗം പഞ്ചായത്ത് നല്കിയ ഫണ്ട് ഉപയോഗിച്ചുള്ളതല്ലെന്നും പട്ടികജാതി വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് പട്ടികജാതി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചുള്ളതാണെന്നും, ഈ പദ്ധതിക്ക് പഞ്ചായത്ത് തുക നല്കിയത് വ്യക്തമായ ധാരണയോ വിശകലനമോ ഇല്ലാതെയാണെന്നും പഞ്ചായത്തിന്റെ നടപടി മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമല്ലായിരുന്നുവെന്നും സെക്രട്ടറി മറുപടി നൽകി.

2013ൽ നിക്ഷേപിച്ച 3164024 രൂപയിൽ 1164024/- രൂപ ക്രമീകരിക്കാത്ത മുൻകൂറായി വാർഷിക കണക്കിൽ രേഖപ്പെടുത്താതെ വന്നപ്പോഴും ക്രമീകരിക്കാത്ത മുൻകൂറായി 20ലക്ഷം രൂപ തുടർച്ചയായി വാർഷികകണക്കിൽ രേഖപ്പെടുത്തി വന്നപ്പോഴും നല്കിയ തുകയുടെ വിനിയോഗ വിവരങ്ങൾ സംബന്ധിച്ച് ചുമതലയുള്ള ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി വിശദീകരണം തേടുകയോ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് നിർവ്വഹണ ഏജൻസിയുമായോ, പട്ടികജാതി വകുപ്പുമായോ ചർച്ചകൾ നടത്തിയിട്ടില്ല. പഞ്ചായത്തിന്റെ വികസനത്തിന് വേണ്ടി നിക്ഷേപിച്ച തുക പ്രവൃത്തി നടക്കാത്തതിനാൽ തിരികെ ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ചിട്ടില്ല.

തുക നല്കിയത് വ്യക്തമായ ധാരണയോ വിശകലനമോ ഇല്ലാതെയാണെന്നും പഞ്ചായത്തിന്റെ തീരുമാനവും നടപടികളും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമല്ലായിരുന്നു എന്നും പഞ്ചായത്തിന് ബോധ്യമുള്ള സ്ഥിതിക്ക് ഡെപ്പോസിറ്റ് ചെയ്ത 3164024/- രൂപ നിയമാനുസൃത പലിശ സഹിതം ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിൽ നിന്നും തിരികെ ഈടാക്കുന്നതിനും സർക്കാർ അനുമതിയോടെ പഞ്ചായത്ത് പ്രദേശത്തെ വികസനത്തിന് ഉപയോഗിക്കുന്നതിനും അഥവാ സർക്കാർ അനുമതി ലഭ്യമാകുന്നില്ലെങ്കിൽ നിയമാനുസൃതം സർക്കാരിലേക്ക് തിരികെ അടവാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 <u>അടിസ്ഥാന വിവരങ്ങളില്ലാതെ വൻതുക കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്യുന്നു.</u>

കേരള പഞ്ചായത്ത് രാജ് നിയമം മൂന്നാം പട്ടിക പ്രകാരം തെരുവുവിളക്കുകളുടെ സ്ഥാപനം ,പരിപാലനം എന്നിവ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്.ചുമതല നിറവേറ്റുന്നതിൽ "ഊർജം" മേഖലയുടെ ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തന മികവ് ഓഡിറ്റ് പരിശോധിക്കുകയുണ്ടായി. മിനിറ്റ്സ് പരിശോധിച്ചതിൽ പഞ്ചായത്ത് പ്രദേശത്ത് ആവശ്യമായ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ ,വൈദ്യുത വിളക്കുകളുടെ സ്ഥാപനം,മീറ്റർ സ്ഥാപിക്കൽ തുടങ്ങിയവ ജനറൽ കമ്മറ്റിയുടെ പരിഗണനയിൽ കൊണ്ടു വരുക എന്ന പരിമിതമായ ചുമതലകൾ മാത്രമാണ് വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിറവേറ്റിയിട്ടുള്ളത് എന്ന് കരുതേണ്ടിയിരിക്കുന്നു. വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭകൾ എന്നിവയുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി, പഞ്ചായത്ത് തല പവർലൈൻ മാപ്പ് തയ്യാറാക്കി വോൾട്ടേജ് ക്ഷാമമുള്ള സ്ഥലങ്ങളിൽ ട്രാൻസ്ഫോമർ സ്ഥാപിക്കുക,നിലവിലുള്ള തെരുവുവിളക്കുകൾ ക്ഷമത കൂടിയവയിലേക്ക് മാറുക എന്നിവ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടൽ ആവശ്യമുള്ള മേഖലകളിൽ ചിലത് മാത്രമാണ്. എന്നാൽ ഇത്തരം നിർദ്ദേശങ്ങൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഓഡിറ്റ് വർഷം പരിഗണിച്ചിട്ടില്ല. ഉത്തരവാദിത്വങ്ങൾ പാലിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

പഞ്ചായത്ത് പ്രദേശത്തെ തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനും സ്ട്രീറ്റ്മെയിൻ കൂടുതൽ മേഖലകളിൽ എത്തിക്കുന്നതിനും സ്റ്റാന്റിംഗ് കമ്മറ്റി പരിഗണന നല്കിയെങ്കിലും പ്രാരംഭപ്രവർത്തനങ്ങളായ ഡാറ്റാ കളക്ഷന് പ്രാധാന്യം നല്കിയിട്ടില്ല. പ്രതിമാസം നാല്പതിനായിരം രൂപയ്ക്കുമേൽ തെരുവ് വിളക്ക് ചാർജ് ഇനത്തിൽ ഇലക്ട്രിസിറ്റി ബോർഡിന് നല്കുന്നുണ്ടെങ്കിലും എത്ര ലൈറ്റുകൾ ഉണ്ടെന്നോ, കത്തുന്നത് എത്രയെന്നോ ഉള്ള കണക്കുകൾ പഞ്ചായത്തിന്റെ പക്കൽ ഇല്ല.

വർഷംതോറും സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് വൻതുക ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും ഏത് പ്രദേശത്താണ് (റോഡ്) വലിച്ചതെന്ന് പഞ്ചായത്തിൽ രേഖകളില്ല.

272/18 നമ്പർ പ്രോജക്ട് പ്രകാരം സ്ട്രീറ്റ്മെയിൻ വലിക്കുന്നതിനായി 998850/- രൂപ മണിമല കെ.എസ്.ഇ.ബിയിൽ 2017-18 വർഷം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം നിർമ്മാണ പ്രവൃത്തിക്ക് കെ.എസ്.ഇ.ബി ഉൾപ്പെടെയുള്ള ഏജൻസികളിൽ തുക മുൻകൂർ നല്കുന്നതിന് സ്ഥാപനം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി ലഭ്യമാക്കിയശേഷം തദ്ദേശ സ്ഥാപനത്തിന് നല്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ട ശേഷം മാത്രം തുക മുൻകൂർ നല്കേണ്ടതുമാണ്.എന്നാൽ ഫയൽ പരിശോധിച്ചതിൽ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കരാറില്ലാതെ തുക മുൻകൂർ നല്കിയിട്ടുള്ളതായാണ് കാണുന്നത്.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിൽ സ്ട്രീറ്റ് മെയിൻ ഉള്ള റോഡുകൾ ,സ്ഥാപിച്ചിട്ടുള്ള സ്ട്രീറ്റ് ലൈറ്റുകൾ, ഇനിയും സ്ട്രീറ്റ് മെയിൻ ആവശ്യമുള്ള റോഡുകൾ തുടങ്ങിയവയുടെ ഡാറ്റാ പഞ്ചായത്തിൽ ഇല്ല. ഏത് റോഡുകളിൽ ആണ് ഡിപ്പോസിറ്റ് ചെയ്ത തുകക്ക് ലൈൻ വലിക്കേണ്ടതെന്ന് നിർവ്വഹണ എജൻസിയായ കെ.എസ്.ഇ.ബിക്ക് പഞ്ചായത്ത് നിർദ്ദേശം നല്കുകയോ, അതിനനുസരിച്ച് ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. സമാനരീതിയിൽ മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുപയോഗിച്ച് സ്ട്രീറ്റ് മെയിൻ വലിച്ച റോഡുകളുടെ വിവരവും പഞ്ചായത്തിൽ ലഭ്യമല്ല . വാർഷികകണക്ക് പ്രകാരം 2016-17 വർഷം കെ.എസ്.ഇ.ബിയിൽ മുൻകൂർ നല്കിയ 2498570/-രൂപയുടെ വിനിയോഗ വിവരവും പഞ്ചായത്തിൽ ലഭിച്ചിട്ടില്ല.

സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റില്ലാതെ, 50%ൽ അധികം തുക ലംപ്സം പ്രൊവിഷൻ വച്ച എസ്റ്റിമേറ്റ് അടിസ്ഥാനമാക്കിയും, സ്ട്രീറ്റ് ലൈൻ വലിക്കേണ്ട റോഡുകളുടെ വിശദാംശങ്ങൾ സ്കെച്ച് അടക്കം തയ്യാറാക്കാതെയും വൻ തുക ഡെപ്പോസിറ്റ് ചെയ്തതിനുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 09.07.2018ൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2) മറുപടിയായി 13-7-18 ൽ സാങ്കേതിക അനുമതി ലഭിച്ച10.52 കിലോമീറ്റർ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനുള്ള എസ്റ്റിമേറ്റ് , കരാർ എന്നിവ ഹാജരാക്കിയിട്ടുണ്ട്.

മുൻ വർഷങ്ങളിൽ മുൻകൂർ നല്കിയ തുകയുടെ വിനിയോഗം ഉറപ്പാക്കാതെയും സ്ട്രീറ്റ്മെയിൻ ഇതിനോടകം വലിച്ചതും ഇനിയും ആവശ്യമുള്ളതുമായ മേഖലകളുടെ വിശദാംശങ്ങൾ (2017-18 ൽ വലിക്കുന്ന 10.52 കി.മീ ഉൾപ്പെടെ സ്കെച്ചടക്കം,)ഇല്ലാതെയും സ്ട്രീറ്റ്മെയിൻ വലിക്കുന്നതിനായി മണിമല കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത 998850/- രൂപ തടസ്സപ്പെടുത്തുന്നു. മേൽ പറഞ്ഞ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 <u>പഞ്ചായത്ത് കെട്ടിടനിർമ്മാണം മോണിറ്ററിംഗ് ഫലപ്രദമായില്ല.</u>

2016-17 ൽ ആസൂത്രണം ചെയ്ത് 60 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച പഞ്ചായത്ത് കെട്ടിടം എന്ന പ്രോജക്ടിന് സാമ്പത്തിക വർഷാവസാനം ടെണ്ടർ ക്ഷണിക്കുകയും 16.02% കുറവിൽ അരവിന്ദ്.യു എന്നയാൾ കരാർ എടുക്കുകയും ചെയ്തു.4524705/- രൂപയുടെ ഫൈനൽ ബിൽ തയ്യാറാക്കി കരാറുകാരന് റിട്ടൻഷനടക്കം മുഴുവൻ തുകയും നല്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രോജക്ടുകളിൽ അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് അടക്കം ഒറ്റ പ്രോജക്ടായി തയ്യാറാക്കണം എന്ന് നിർദ്ദേശം ഉള്ളതാണെങ്കിലും തനത്ഫണ്ട് ഉൾപ്പെടുത്തി 5 പ്രോജക്ടുകളാണ് ഈ ആവശ്യത്തിനായി നിലവിലുള്ളത്.

29-3-17ലെ കരാർ പ്രകാരം, കരാറുകാരൻ പൂർത്തിയാക്കേണ്ടിയിരുന്ന സ്റ്റെയിൻലസ് സ്റ്റീൽ ഹാൻഡ് റെയിൽ നിർമ്മാണം , ടൈൽ വിരിക്കൽ (113ച.മീ ചെയ്യേണ്ടതിൽ 101 ച.മീ ചെയ്തു) തുടങ്ങിയവ പൂർത്തിയാക്കാതെയാണ് ഫൈനൽ ബിൽ തയ്യാറാക്കി തുക നല്കിയത്. 15 ലക്ഷം രൂപ സേവിംഗ്സ് ഇനത്തിൽ ഉണ്ടായിരുന്നിട്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ഫ്ലോറിംഗ് ഉൾപ്പെടെ അവശേഷിച്ച പണികൾ തീർക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും ശ്രമം ഉണ്ടായില്ല .പുതിയ പ്രോജക്ട് തയ്യാറാക്കി പ്രസ്തുത വേലകൾ പൂർത്തീകരിക്കുമ്പോൾ കാലതാമസം ഉണ്ടാവുകയും അധിക നിരക്കിനത്തിലും അനുബന്ധചെലവുകളിലും പഞ്ചായത്തിന് അധിക തുക ചെലവഴിക്കേണ്ടതായും വരുന്നു.

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ പദ്ധതിക്ക് 6 ടെണ്ടറുകളാണ് ലഭിച്ചിരുന്നത്.ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന 15750/- രൂപ (2625x6) കോട്ടയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ആണ് വരുന്നത്.മണിമല ഗ്രാമപഞ്ചായത്തിന് അവകാശപ്പെട്ട ഈ തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ എത്തിയിട്ടില്ല.

കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് നടത്തേണ്ടിയിരുന്നത് വികസന സ്റ്റാന്റിംഗ് കമ്മറ്റിക്ക് കീഴിൽ വരുന്ന പൊതുമരാമത്ത്, ഊർജം വർക്കിംഗ് ഗ്രൂപ്പ് ആയിരുന്നു. എന്നാൽ മോണിറ്ററിംഗ് കാര്യക്ഷമമായിരുന്നില്ല. മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് യഥാസമയം സമർപ്പിച്ചിരുന്നു എങ്കിൽ മേൽ പറഞ്ഞ അപാകതകളൊഴിവാക്കി പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കുമായിരുന്നു. കെട്ടിടനിർമാണം കൃത്യമായി പൂർത്തിയാക്കുന്നതിലേക്ക് ഭരണസമിതിയുടെ വിശിഷ്യാ വികസനസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ആവശ്യമാണ്.

## 3-5 <u>വ്യക്തിഗത ഗുണഭോക്തൃ പ്രോജക്ടുകൾ - ഗുണഭോക്താക്കൾ പൂർണ്ണമായും ധനസഹായം കൈപ്പറ്റിയിട്ടില്ല.</u>

<u>വി.ഇ.ഒ. കറിക്കാട്ടൂർ നടപ്പാക്കിയ പ്രോജക്ടുകൾ</u>

2017-18 ൽ നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ടുകളിലെ ഏതാനും ഗുണഭോക്താക്കൾ ധനസഹായം പൂർണ്ണമായും

കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിക്കാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (രൂപ) | കൈപ്പറ്റാൻ അവശേഷിക്കുന്ന തുക (രൂപ) |
|---|---|---|---|---|---|
| 1 | 177 /18 | വീട് മേൽക്കൂര മാറ്റൽ (പൊതു വിഭാഗം ) | ഫിലിപ്പ് റ്റി.സി , തോണിമാക്കൽ , പറമ്പിൽ , പഴയിടം പി.ഒ. | 25000 | 25000 |
| 2 | 193/18 | പട്ടിക ജാതി വിഭാഗം പഠനമുറി നിർമ്മാണം | സാബു ഇ.ഡി. (F/o ഹരികൃഷ്ണൻ ഇ.എസ്) ഇടപ്പള്ളി, കറിക്കാട്ടൂർ | 50000 | 50000 |
| | | | രാജപ്പൻ കെ.സി. (F/o ഐശ്വര്യ രാജപ്പൻ ) കാപ്പുകാട്ട്, പഴയിടം | 50000 | 50000 |
| 3 | 195/18 | പട്ടിക വർഗ്ഗ വിഭാഗം പഠനമുറി നിർമ്മാണം | കെ. ഇ.മോഹനൻ കിഴക്കേവീട്ടിൽ , മുക്കട | 50000 | 50000 |
| | | | ഷാജി കെ.ആർ (F/o ശ്രീജിത പി.എസ്) പുത്തൻപുരയ്ക്കൽ ,മുക്കട പി.ഓ | 50000 | 50000 |
| | | | സുനിത അജി (M/o അമരു കെ അജി) കല്ലറയ്ക്കൽ , മുക്കട പി.ഒ. | 50000 | 50000 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം പ്രോജക്ടിൽ 45 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. ആയതിൽ അഭിനവ് സജി (S/o സജി പി.ജി)പാറക്കുഴിയിൽ എന്ന ഗുണഭോക്താവ് 50000 രൂപ അഡ്വാൻസ് തുക മാത്രം കൈപ്പറ്റി. എന്നാൽ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചില്ല. പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. പൂർത്തീകരണ നടപടികളും തുടർപ്രവർത്തനവും പട്ടികജാതി പട്ടികവർഗ്ഗ ദാരിദ്രലഘൂകരണ വിഭാഗം വർക്കിംഗ് ഗ്രൂപ്പും , വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും കൃത്യമായി മോണിട്ടർ ചെയ്യേണ്ടതാണ്.

## 3-6 6ാം വാർഡിലെ 10-ാം നം അങ്കണവാടി -വാടകക്കെട്ടിടത്തിലെ സ്ഥാപനത്തിന്റെ പ്രവർത്തനം അനിശ്ചിതത്ത്വത്തിൽ.

ഗ്രാമപഞ്ചായത്തിന്റെ 10-ാം വാർഡിലെ 6-ാം നം അങ്കണവാടി കൂവക്കാവ് ഗവ.വെൽഫയർ ഹൈസ്കൂൾ കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്.എന്നാൽ കെട്ടിടം 'അൺഫിറ്റ് 'ആണെന്ന പഞ്ചായത്ത് എൻജിനീയരുടെ റിപ്പോർട്ടിന്റെയും, സ്കൂളിന് RMSA ഫണ്ടുപയോഗിച്ച് ആധുനികരീതിയിൽ കെട്ടിടം നിർമിക്കേണ്ടതിനാൽ അങ്കണവാടി പ്രവർത്തനം സ്കൂളിൽനിന്ന് മാറ്റണമെന്ന വിദ്യാഭ്യാസവകുപ്പിന്റെ നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ അങ്കണവാടി മറ്റൊരു സ്ഥലത്തേക്ക് മാറ്റാൻ പഞ്ചായത്ത്കമ്മിറ്റി തീരുമാനമെടുക്കുകയും മതിയായ സൗകര്യങ്ങളില്ലാത്ത വാടകക്കെട്ടിടത്തിൽ നിലവിൽ പ്രവർത്തിക്കുകയുമാണ്.അങ്കണവാടിക്ക് പ്രവർത്തിക്കാൻ സൗകര്യപ്രദമായ കെട്ടിടസംവിധാനങ്ങൾ ദുർലഭമായ പഞ്ചായത്ത് പ്രദേശത്ത് നിലവിലെ കെട്ടിടവും താമസിയാതെ ഒഴിഞ്ഞു കൊടുക്കേണ്ട അവസ്ഥയാണെന്ന് അങ്കണവാടി വർക്കർ ഓഡിറ്റിൽ അറിയിക്കുകയുണ്ടായി.

അങ്കണവാടി സ്കൂളിൽനിന്ന് മാറ്റേണ്ടിവരികയും അങ്കണവാടി പ്രവർത്തിക്കാൻ മതിയായ മറ്റ് സൗകര്യങ്ങൾ ലഭിക്കാതെ വരികയും ചെയ്ത സാഹചര്യത്തിൽ അങ്കണവാടി വർക്കറായ ശ്രീമതി അജിത കെ.ആർ കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ കമ്മീഷന് ഇത് സംബന്ധിച്ച് 22/7/2017 ൽ പരാതി നല്കുകയുണ്ടായി.

അനുയോജ്യമായ സ്ഥലം ലഭ്യമാക്കി അങ്കണവാടി പ്രവർത്തിപ്പിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസവകുപ്പുമായും സാമൂഹ്യനീതി വകുപ്പുമായും ബന്ധപ്പെട്ട് അടിയന്തിര നടപടി സ്വീകരിക്കുവാൻ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് ഉത്തരവ് നല്കി (4320/A4/2017/KTM/KSCSC&STതീയതി6/2/18) പ്രസ്തുത ഹർജി തീർപ്പാക്കുകയുണ്ടായി.

കൂടാതെ കേരളസംസ്ഥാന ബാലാവകാശ കമ്മീഷന് അങ്കണവാടി വർക്കറായ ശ്രീമതി അജിത .കെ.ആർ നല്കിയ ഹർജിയുടെ അടിസ്ഥാനത്തിൽ 31/10/17 ലെ സി.ആർ.എം.പി.നം 7675/05/LA1/2017/KeSCPCR ആയി ഉത്തരവ് പുറപ്പെടുവിച്ചു.പ്രസ്തുത ഉത്തരവിൽ അങ്കണവാടി പ്രവർത്തിക്കുന്നതിന് മറ്റൊരു സ്ഥലം കണ്ടെത്തുന്നതുവരെ നിലവിലെ സ്കൂൾകെട്ടിടത്തിൽതന്നെ പ്രവർത്തിക്കുവാൻ സ്കൂളധികൃതർ അനുവദിക്കണമെന്നും, അങ്കണവാടി കെട്ടിടത്തിന് ആവശ്യമായ അറ്റകുറ്റ പണികൾ ചെയ്ത് സുരക്ഷിതമാക്കി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നല്കാൻ രണ്ടാം എതിർകക്ഷിയായ പഞ്ചായത്ത് സെക്രട്ടറി നടപടി എടുക്കേണ്ടതും അതിനാവശ്യമായ നടപടി ഐ.സി.ഡി.എസ് ന്റെ ഭാഗത്തുനിന്ന് ഒന്നാം എതിർകക്ഷിയായ ഐ.സി.ഡി.എസ് ജില്ലാ പ്രോഗ്രാം ഓഫീസർ സ്വീകരിക്കേണ്ടതാണെന്നും ഉത്തരവായി. കൂടാതെ ഹൈസ്കൂളുകൾ ജില്ലാപഞ്ചായത്തിന്റെ അധികാരത്തിൽ വരുന്ന സ്ഥാപനമായതിനാൽ സ്കൂൾ കോമ്പൗണ്ടിനുള്ളിൽ 3 സെന്റ് സ്ഥലം അങ്കണവാടിക്ക് വിട്ടുനല്കി പുതിയകെട്ടിടം നിർമിക്കുന്നത് സംബന്ധിച്ച് ഐ.സി.ഡി.എസ് ജില്ലാ പ്രോഗ്രാം ഓഫീസറുമായി സംസാരിക്കുവാൻ ജില്ലാപഞ്ചായത്ത് സെക്രട്ടറി നടപടിയെടുക്കണമെന്ന് നിർദേശിച്ച് ആയതിന് റവന്യൂ ഉൾപ്പെടെയുള്ള വകുപ്പുകളുമായി കത്തിടപാടുകൾ നടത്തി അനുവാദം വാങ്ങാൻ ജില്ലാപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു.മാത്രമല്ല RMSA ഫണ്ടുപയോഗിച്ച് പണിയുവാനുദ്ദേശിക്കുന്ന കെട്ടിടം കോമ്പൗണ്ടിനുള്ളിൽ തന്നെ മറ്റൊരു സ്ഥലത്ത് പണിയിപ്പിക്കുന്നതിനുള്ള സാധ്യത 3ാം എതിർകക്ഷിയായ പി.ടി.എ കമ്മിറ്റി, ,ഹെഡ്മിസ്ട്രസ് എന്നിവർ, ആവശ്യമെങ്കിൽ വിദഗ്ധരുടെ സേവനത്തോടെ പരിഗണിച്ച് 45 ദിവസത്തിനകം റിപ്പോർട്ട് നല്കേണ്ടതും സ്കൂളധികൃതരും അങ്കണവാടിഅധികൃതരും തമ്മിൽ ഒരു സമവായത്തിന് പഞ്ചായത്ത്പ്രസിഡന്റിന്റെ നേതൃത്വത്തിൽ കൂടിയാലോചന നടത്താനുള്ള ശുപാർശ പഞ്ചായത്ത്പ്രസിഡന്റിനും ടി ഉത്തരവിൽ നല്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റി മിനിറ്റ്സിൽ 9/10/2017ലെ അജണ്ട 9 ന്റെ 1ാം നം.തീരുമാനം മണിമല ഗ്രാമപഞ്ചായത്തിലെ 6ാം വാർഡിലെ അങ്കണവാടി പ്രവർത്തിക്കുന്ന കുവക്കാവ് ഗവ.സ്കൂൾകെട്ടിടം അൺഫിറ്റ് ആയതിനാലും സ്കൂളിന് പുതിയകെട്ടിടം നിർമിക്കേണ്ടതിനാൽ കെട്ടിടമൊഴിയണമെന്ന് വിദ്യാഭ്യാസവകുപ്പിന്റെ നിർദേശത്താലും അങ്കണവാടി മാറ്റുന്ന സാഹചര്യത്തിൽ അങ്കണവാടിക്കായി കെട്ടിടം നിർമിക്കുന്നതിന് ആവശ്യമായ സ്ഥലം പട്ടികജാതി വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തുനിന്ന് വിട്ടുനല്കുന്നതിന് പട്ടികജാതി വികസന വകുപ്പ് മന്ത്രി, വകുപ്പധികൃതർ എന്നിവരോട് അഭ്യർഥിച്ച് തീരുമാനിച്ചിട്ടുണ്ട്. ഇതേ അജണ്ടയിലെ തീരുമാനം 2 പ്രകാരം അങ്കണവാടിക്ക് സ്ഥലം ഗവ.സ്കൂളിന്റെ കോമ്പൗണ്ടിനുള്ളിൽ വിട്ടുനല്കണമെന്ന് വിദ്യാഭ്യാസ മന്ത്രിയോടും, തീരുമാനം 3 പ്രകാരം വനം വകുപ്പ് മന്ത്രിയോടും അഭ്യർഥിച്ചു.

എന്നാൽ മേൽ പറഞ്ഞ പട്ടിജാതി പട്ടികഗോത്രവർഗ കമ്മീഷന്റെയും ബാലാവകാശ കമ്മീഷന്റെയും ഉത്തരവുകളുടെയും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെയും അടിസ്ഥാനത്തിലുള്ള ഒരുനടപടികളും നാളിതുവരെ ഉണ്ടായിട്ടില്ല.ഗ്രാമപഞ്ചായത്തിന് സ്വീകാര്യമായ തുകയിലധികരിച്ച വാടകതുക അങ്കണവാടിവർക്കർ നല്കുന്നതുമൂലമാണ് നിലവിൽ അങ്കണവാടി പ്രവർത്തിക്കുന്നത്.

അങ്കണവാടികളുടെ ചുമതലയുള്ള ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ പ്രശ്നത്തിൽ മതിയായ ഇടപെടലുകൾ നടത്തിയിട്ടില്ല. തുടർനടപടികളിലൂടെ അങ്കണവാടിക്ക് പ്രവർത്തനസൗകര്യം ലഭ്യമാക്കി കുട്ടികളുടെയും അങ്കണവാടി ജീവനക്കാരുടെയും ബുദ്ധിമുട്ടുകൾ പരിഹരിക്കേണ്ടതാണ്.

## 3-7 അങ്കണവാടികളുടെ പരിപാലനം- ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം ഫലപ്രദമല്ല.

ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് , ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ ഉൾപ്പെട്ട സമിതി പഞ്ചായത്തിലെ അങ്കണവാടികളുടെ അവസ്ഥാവിശകലനം നടത്തി അപര്യാപ്തതകൾ പരിഹരിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമൊരു അവസ്ഥാവിശകലനം പഞ്ചായത്തിൽ നടത്തിയിട്ടില്ല. ആകയാൽ അടിസ്ഥാനസൗകര്യമില്ലാത്ത ചുവടെ ചേർക്കുന്ന അങ്കണവാടികളുടെ ആവശ്യങ്ങൾ നാളിതുവരെ പരിഹരിച്ചിട്ടില്ല.

1. അഞ്ചാനിക്കുളം 8 -ാം നമ്പർ അങ്കണവാടിയിൽ ശൗചാലയമില്ല. കുട്ടികളുടെ പ്രാഥമികാവശ്യ സൗകര്യങ്ങൾ നിറവേറ്റാൻ മതിയായ സൗകര്യമൊരുക്കാൻ ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധ പുലർത്തുന്നില്ലെന്ന് കാണുന്നു.
2. പൊന്തൻപുഴ 7-ാം നമ്പർ പട്ടികജാതി അങ്കണവാടിക്ക് ചുറ്റുമതിലില്ല. അങ്കണവാടിയിൽ സ്ഥാപിച്ചിരിക്കുന്ന കളിയുപകരണങ്ങൾ പുറമെയുള്ള ആളുകൾ ദുരുപയോഗം ചെയ്യുന്ന അവസ്ഥയാണ്. ചുറ്റുമതിൽ നിർമ്മിച്ച് കളിയുപകരണങ്ങൾക്കും അങ്കണവാടിക്കും സംരക്ഷയൊരുക്കേണ്ടതാണ്.
3. കുവക്കാവ് 10-ാം നമ്പർ അങ്കണവാടി നിലവിൽ വീടിന്റെ മുകൾനിലയിലാണ് പ്രവർത്തിക്കുന്നത്. ആയതിന് കെട്ടിടസൗകര്യമൊരുക്കേണ്ടതാണ്.

പോഷകാഹാര വിതരണത്തിനായി പൊതുവിഭാഗം , പട്ടികജാതി വിഭാഗം പ്രോജക്ടുകൾ 2017-18 ൽ നടപ്പാക്കി. എന്നാൽ ഗുണഭോക്താക്കളുടെ എണ്ണം വിലയിരുത്തിയല്ല വകയിരുത്തൽ നടത്തിയത്. പൊതുവിഭാഗത്തിൽ 240 പേർക്ക് പോഷകാഹാരം വിതരണം ചെയ്തപ്പോൾ പട്ടികജാതി വിഭാഗത്തിൽ 260 പേരെയാണ് ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിരുന്നത്.

ക്ഷേമകാര്യസ്റ്റാൻഡിംഗ്കമ്മിറ്റിയുടെ മിനിട്ട്സ് ബുക്ക് പരിശോധനയിൽ സാമൂഹ്യസുരക്ഷാ പെൻഷനുകളിൽ തീരുമാനമെടുക്കുക

എന്ന ചുമതല മാത്രമേ നിലവിൽ കമ്മിറ്റി കൃത്യമായി നിർവ്വഹിക്കുന്നുള്ളൂ എന്ന് കാണുന്നു. അങ്കണവാടികളുടെ പ്രവർത്തനവും പോഷകാഹാരവിതരണവും ഫലപ്രദമാണെന്ന് ഉറപ്പാക്കാൻ ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി കൃത്യമായ മോണിട്ടറിംഗ് നടത്തേണ്ടതാണ്.

## 3-8 ആശ്രയ പദ്ധതി

മണിമല ഗ്രാമപഞ്ചായത്തിന്റെ ആശ്രയ പദ്ധതി പ്രോജക്റ്റ് ഒന്നാംഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്.ഇതുമായിബന്ധപ്പെട്ട് മണിമല എസ്.ബി.ഐ അക്കൗണ്ട് നം.67021673996 ൽ 31-3-2018 ൽ 910643 രൂ പദ്ധതിവിഹിതം ഇനത്തിൽ ബാക്കിനിൽക്കുന്നു. പലിശ ഇനത്തിൽ ലഭ്യമാകുന്ന തുക നിലവിൽ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് ഭക്ഷണചെലവിലേക്ക് വിനിയോഗിച്ചുവരുന്നു.

ആശ്രയ രണ്ടാം ഘട്ടം കാലയളവ് 2016-17 വരെയായിരുന്നു.മണിമല എസ്.ബി.ഐ ശാഖയിൽ ഈ ഘട്ടത്തിനായി ആരംഭിച്ച അക്കൗണ്ട് നം.67315668351 ൽ 31-3-2018 ൽ പദ്ധതിവിഹിതം ഇനത്തിൽ 1283863/ രൂ അവശേഷിക്കുന്നു.ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.ഭക്ഷണം,വീട് പുനരുദ്ധാരണം,കിണർ, വീടിന് സ്ഥലം വാങ്ങൽ,വിവാഹധനസഹായം ,പെട്ടിക്കട എന്നിങ്ങനെയുള്ള ഇനങ്ങളിലാണ് പ്രവൃത്തികൾ നടന്നിട്ടുള്ളത്.ആക്ഷൻപ്ലാൻ അനുസരിച്ചുള്ള പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ഭരണസമിതിയുടെയും വിശിഷ്യാ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും സത്വര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 3-9 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ . മുഴുവൻ മരുന്നുകളും ലഭിച്ചില്ല.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം ആയുർവേദ മരുന്നുകൾ ലഭ്യമാക്കുന്നതിന് ഔഷധിക്ക് തുക നല്കിയിട്ടുണ്ട്.എന്നാൽ മുഴുവൻ മരുന്നുകളും ലഭിച്ചിട്ടില്ല.വിശദാംശങ്ങൾ ചേർക്കുന്നു.

1) പ്രോജക്റ്റ് നം.84/2018,ആയുർവേദഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ.

ടി പ്രോജക്റ്റ് പ്രകാരം ആയുർവേദ മരുന്ന് ലഭ്യമാക്കുന്നതിനായി 5,00,000/- രൂപ 31-10-17 ലെ ക്രമനം.17ാം നമ്പർ ബിൽ മുഖാന്തിരം അക്കൗണ്ട് ട്രാൻസ്ഫറായി ഔഷധിക്ക് നല്കിയിട്ടുണ്ട്.

അതുപ്രകാരം ചുവടെ ചേർക്കുന്ന ഇൻവോയ്സുകൾ പ്രകാരം മരുന്നുകൾ ലഭിക്കുകയും സ്റ്റോക്കിൽ ചേർക്കുകയും ചെയ്തു.

| ഇൻവോയ്സ് നം/തീയതി | ലഭിച്ച മരുന്നുകളുടെ വില. |
|---|---|
| 90050303/23.1.18 | 145940/- |
| 90055568/26.2.18 | 50287/- |
| 90061482/30.3.18 | 13356/- |
| 90058820/19.3.18 | 165968/- |
| 90063635/19.5.18 | 11547/- |
| 90065638/31.5.18 | 24182/- |
| 90069007/20.6.18 | 75317/- |
| ആകെ തുക | 486597/- |

ഇവയിൽ ഇൻവോയ്സ് 90058820 ൽപെട്ട 7560 രൂപ വിലവരുന്ന (ക്രമനം.16)ഏലാദിഗണചൂർണം ലഭ്യമായിട്ടില്ല.

കൂടാതെ 5,00,000/- രൂപയിൽ 486597/- രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചത്. 13,403/- രൂപയുടെ മരുന്ന് ടി ഇൻവോയ്സുകളിൽ ഉൾപ്പെടുന്നുമില്ല.

ഇപ്രകാരം 5,00,000/- രൂപയുടെ മരുന്ന് ലഭിക്കേണ്ടിയിരുന്നതിൽ 20963/ (7560 + 13403) രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല.

2)പ്രോ.നം 238/18, ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ രണ്ടാം ഘട്ടം.

ടി പ്രോജക്ട് പ്രകാരം ആയുർവേദമരുന്ന് വാങ്ങുന്നതിനായി ബിൽ നം.22. തീയതി 13.3.2018 പ്രകാരം 150000/രൂപ ഔഷധിക്ക് അക്കൗണ്ട് ട്രാൻസ്ഫറായി നല്കിയിട്ടുണ്ട്.എന്നാൽ ചുവടെ ചേർക്കുന്ന ഇൻവോയ്സ് പ്രകാരം 85383/ രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചത്.

| ഇൻവോയ്സ് നം./തീയതി | ലഭ്യമായ മരുന്നിന്റെ വില |
|---|---|
| 90062557/31.3.18 | 19882 |
| 90065424/30.5.18 | 12543 |
| 90070921/9.7.18 | 52958 |
| ലഭിച്ച മരുന്നിന്റെ ആകെ വില | 85383 |

64617/ രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല.

മേൽ പറഞ്ഞ 2 പ്രോജക്ടുകളിലായി ആകെ ചെലവഴിച്ച 650000/-(500000+150000) രൂപയിൽ 85580/- (20963+64617) രൂപയുടെ മരുന്ന് ഇനിയും ലഭിച്ചിട്ടില്ല. കൂടാതെ ക്രമ നം.2ലെ പ്രോജക്ട് പ്രകാരമുള്ള ഇൻവോയ്സ് 90070921/9.7.18 പ്രകാരം ലഭിച്ച 52958/- രൂപയുടെ മരുന്ന് സ്റ്റോക്കിൽ ചേർക്കുകയും ചെയ്തില്ല. ഇത് സംബന്ധിച്ച് 11.07.18ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10) മരുന്ന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഔഷധിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മെഡിക്കൽ ഓഫീസർ മറുപടി നൽകി.

മരുന്ന് ലഭ്യമാകാത്തത് സംബന്ധിച്ച് നിർവഹണോദ്യോഗസ്ഥനായ സെക്രട്ടറി, ഉത്തരവാദപ്പെട്ട ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ യാതൊരുവിധ അന്വേഷണവും നടത്തുകയുണ്ടായിട്ടില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗും ഇക്കാര്യത്തിൽ ഉണ്ടായില്ല. സ്ഥാപനത്തിന്റെ നടത്തിപ്പിൽ ഉത്തരവാദപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

ലഭ്യമാകാത്ത മരുന്നുകളുടെ വിലയായ 85580/- രൂപയും സ്റ്റോക്കിലെടുക്കാത്ത മരുന്നിന്റെ വിലയായ ചെലവ് 52958/- രൂപയും ഉൾപ്പെടെ ആകെ 138538/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 എസ്.എസ്.എ വിഹിതം നല്കൽ- പ്രവർത്തനങ്ങളുടെ ഭൗതികപരിശോധന നടത്തുന്നില്ല.

2017-18 വർഷം ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം എസ്.എസ്.എ വിഹിതമായി 653475/- രൂപ ജില്ലാ പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിലേക്ക് ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ നല്കിയിട്ടുണ്ട്.

| ക്രമനം | പ്രോജക്ട് | തുക | തുക നല്കിയ തീയതി |
|---|---|---|---|
| 1 | 2/18/എസ്.എസ്.എ വിഹിതം ,ജനറൽ | 525000 | 14.7.2017 |
| 2 | 56/18,എസ്.എസ്.എ വിഹിതം,<br>എസ്.സി.പി | 80000 | 14.7.2017 |
| 3 | 62/18,എസ്.എസ്.എ വിഹിതം,<br>ടി.എസ്.പി | 16000 | 14.7.2017 |
| 4 | 267/18,എസ്.എസ്.എ വിഹിതം നല്കൽ | 32475 | 15.3.2018 |
| ആകെ | | 653475 | |

എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസറുടെ 31/5/2018 ലെ C-11/SSA/KTM/2017-18 നമ്പർ കത്തു മുഖേന തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു.എന്നാൽ മണിമല ഗ്രാമപഞ്ചായത്തിൽ 17 ഇനങ്ങളായി ഡിമാന്റ് നോട്ടീസിൽ ചേർത്തിരുന്ന പ്രവർത്തനങ്ങളെല്ലാം എസ്.എസ്.എ പൂർത്തീകരിച്ചുവോ എന്നതുസംബന്ധിച്ച് ഉത്തരവാദപ്പെട്ട ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഭൗതികപരിശോധന നടത്തി വിലയിരുത്തിയതിന്റെ വിവരങ്ങളൊന്നും ഇല്ല. വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ടും ഇല്ല.സ്റ്റാന്റിംഗ് കമ്മിറ്റിയും, വർക്കിംഗ് ഗ്രൂപ്പും ഉത്തരവാദിത്വങ്ങൾ കൃത്യമായി നിറവേറ്റി പ്രോജക്ടുകളുടെ ഫലപ്രാപ്തി വിലയിരുത്തേണ്ടതാണ്.

## 3-11 ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും പ്രോജക്ട് നിർവ്വഹണവും

എ)വൃദ്ധർക്ക് വാക്കിംഗ് സ്റ്റിക്ക് വിതരണം - സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനം

പ്രോജക്ട് നം - 98/18
അടങ്കൽ - 1,00,000 രൂപ ( വികസന ഫണ്ട് (പൊതു വിഭാഗം)

ചെലവ് - 99,965 രൂപ

നിർവഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

60 വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് വിതരണം ചെയ്യാനായി 165 പായ്ക്കറ്റ് വാക്കിംഗ് സ്റ്റിക്ക് 99,965/- രൂപ ചെലവഴിച്ച് 'നന്ദ ബയോടെക്ക്' ചാന്നാനിക്കാട് എന്ന സ്ഥാപനത്തിൽനിന്നും വാങ്ങി. പ്രോജക്ട് നിർവഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു .

1. സാമൂഹ്യ ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് , ഗ്രാമസഭ എന്നിവയിലൊന്നും പ്രോജക്ടിന്റെ ആവശ്യകത നിർദ്ദേശിക്കപ്പെട്ടിട്ടില്ല. 13 -ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിലും വാക്കിംഗ് സ്റ്റിക്ക് വിതരണം സംബന്ധിച്ച് പ്രത്യേക നിർദ്ദേശമില്ലെന്നിരിക്കെ പ്രോജക്ടിന്റെ ആവശ്യകത എപ്രകാരം നിർണ്ണയിച്ചുവെന്ന് വ്യക്തമല്ല.
2. 165 എണ്ണം വാക്കിംഗ് സ്റ്റിക്ക് വാങ്ങിയതിൽ 152 എണ്ണത്തിന്റെ വിതരണ വിവരം മാത്രമാണ് ലഭ്യമാക്കിയത്. സ്റ്റോക്ക് രജിസ്റ്റർ , വിതരണ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
3. 25 ഗുണഭോക്താക്കളുടെ പ്രായം തെളിയിക്കുന്ന രേഖകളുടെ പകർപ്പ് മാത്രമാണ് ഫയലിനൊപ്പമുള്ളത്. 127 ഗുണഭോക്താക്കളുടെ പ്രായം തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും (എൻക്വയറി നം . 14/12-07-18) മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 99,965/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ട് രൂപീകരണത്തിലും നിർവ്വഹണത്തിലും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ പതിയേണ്ടതാണ്.

ബി) സാന്ത്വന പരിചരണ പരിപാടി -പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി വിലയിരുത്തുന്നില്ല.

29-04-2017 ലെ പാലിയേറ്റീവ് കമ്മിറ്റി തീരുമാനങ്ങൾ മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 09-08-17 ൽ യോഗം ചേർന്നെങ്കിലും അജണ്ട, ഹാജർ എന്നിവ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. പിന്നീട് യോഗങ്ങളൊന്നും ചേർന്നിട്ടില്ല. പഞ്ചായത്തിന്റെ അനിവാര്യവകയിരുത്തലിൽ ഉൾപ്പെട്ട പാലിയേറ്റീവ് കെയർ പ്രോജക്ട് പ്രതിമാസം വിലയിരുത്തേണ്ടതും , അവശ്യ നിർദ്ദേശങ്ങൾ നൽകേണ്ടതും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. ഇക്കാര്യത്തിൽ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

## 3-12 എച്ച്.എം.സി. കണക്കുകളുടെ പരിശോധന

ആയുഷ് ഹോമിയോ പ്രൈമറി ഹെൽത്ത് സെന്റർ മണിമല, എൻ.എച്ച്.എം. ആയുഷ് ആയുർവേദ പ്രൈമറി ഹെൽത്ത് സെന്റർ മണിമല, എന്നീ രണ്ട് സ്ഥാപനങ്ങളുടെ എച്ച്.എം.സി. കണക്കുകളുടെ പരിശോധന നടത്തുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ആയൂഷ് ഹോമിയോപ്പതി പ്രൈമറി ഹെൽത്ത് സെന്റർ മണിമല.

2864/ രൂപ മുന്നിരിപ്പ് പണവും 11445/രൂപ ഒ.പി.കളക്ഷനും ഉൾപ്പടെ 14309 രൂപ വരവും 7825രൂപ ചെലവും 6484രൂപ നീക്കിയിരിപ്പും ഉള്ള 2017-18 ലെ വാർഷികകണക്കുകൾ രജിസ്റ്ററുകളും അനുബന്ധരേഖകളുമായി പരിശോധിച്ച് ബോധ്യപ്പെട്ടു. എച്ച്.എം.സി. ആവശ്യത്തിലേക്കായി നാളിതുവരെ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല. പണം കൈവശം സൂക്ഷിച്ച് ആവശ്യാനുസരണം ചെലവഴിക്കുന്ന രീതിയാണ് അവലംബിക്കുന്നത്. ആയത് ക്രമപ്രകാരമല്ല. അടിയന്തിരമായി ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും വരവ് തുകകൾ സമയബന്ധിതമായി അക്കൗണ്ടിൽ നിക്ഷേപിക്കുകയും ആവശ്യാനുസരണം പിൻവലിച്ച് ചെലവഴിക്കുകയും ചെയ്യേണ്ടതാണ്. 2017-18 സാമ്പത്തിക വർഷം എച്ച്.എം.സി. യോഗം ചേർന്നിട്ടില്ല.

2) ആയുഷ് ആയുർവേദ പ്രൈമറി ഹെൽത്ത് സെന്റർ

5875/ രൂപ മുന്നിരിപ്പ് പണവും 24094/രൂപ ഒ.പി.കളക്ഷനും ഉൾപ്പടെ 29969 രൂപ വരവും 16897രൂപ ചെലവും 13072 രൂപ (കൈയിരിപ്പ് പണം 808രൂപ, ബാങ്കിലെ പണം 12264രൂപ) നീക്കിയിരിപ്പും ഉള്ള അക്കൗണ്ട്സ് രജിസ്റ്ററുകളും അനുബന്ധരേഖകളുമായി പരിശോധിച്ച് ബോധ്യപ്പെട്ടു. 2017-18 സാമ്പത്തിക വർഷം 4.10.17 ൽ മാത്രമാണ് എച്ച്.എം.സി. യോഗം ചേർന്നിട്ടുള്ളത്.

എച്ച്.എം.സി. മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും നിർബന്ധിത ക്വോറമായ ആകെ അംഗങ്ങളുടെ പകുതിയിലധികം അംഗങ്ങൾ എല്ലാ യോഗങ്ങളിലും പങ്കെടുക്കേണ്ടതുമാണ്. കമ്മറ്റിയുടെ മിനിട്ട്സ് മെമ്പർ സെക്രട്ടറി സൂക്ഷിക്കേണ്ടതും യോഗത്തിലെടുത്ത ഏതൊരു തീരുമാനവും പ്രസ്തുത യോഗത്തിന് ശേഷം ചേരുന്ന ഗ്രാമ സഭാ യോഗത്തിൽ വായിക്കേണ്ടതും അതിനായി യോഗതീരുമാനത്തിന്റെ പകർപ്പുകൾ പഞ്ചായത്ത് സെക്രട്ടറി ഗ്രാമസഭാ കൺവീനർക്ക് നൽകേണ്ടതുമാണ്. (2010ലെ കേരളാ പഞ്ചായത്ത് രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 5( 9). ആശുപത്രി മാനേജിംഗ് കമ്മറ്റികൾ വിളിച്ചുചേർക്കുന്നതിനും, ആശുപത്രിയുടെ ദൈനം ദിന പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നു എന്ന് ഉറപ്പാക്കുന്നതിനും ഭരണസമിതി വിശിഷ്യാ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി മതിയായ ശ്രദ്ധ ചെലുത്തുന്നില്ല. സ്ഥാപനങ്ങളുടെ പ്രവർത്തനം കൃത്യമായി വിലയിരുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്,കാഞ്ഞിരപ്പള്ളി. | 1/10/17, 15/1/18 | 220000 | അങ്കണവാടി പോഷകാഹാരം. | 220000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്,കാഞ്ഞിരപ്പള്ളി. | 27/10/17 | 192857 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 192857 | 0 |
| ബ്ലോക്ക് പഞ്ചായത്ത്,കാഞ്ഞിരപ്പള്ളി. | 13/11/17 | 90000 | അങ്കണവാടിക്ക് സ്ഥലം വാങ്ങൽ | 0 | 90000 |
| ബ്ലോക്ക് | 9/1/18 | 200000 | ക്ഷീരകർഷകർക്ക് | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത്,കാഞ്ഞിരപ്പള്ളി. | | | ഇൻസെന്റീവ് | | |
| ബ്ലോക്ക് പഞ്ചായത്ത്,കാഞ്ഞിരപ്പള്ളി. | 13/3/17 | 100000 | പാലിയേറ്റീവ് കെയർ | 0 | 100000(കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് 2017-18 ൽ തിരിച്ചടച്ചു.) |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 17/3/17 | 200000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 0 | 200000(കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് 2017-18 ൽ തിരിച്ചടച്ചു.) |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | പ്രോ.നം.272/18,<br>സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ. | 998850 | 0 | 998850 |
| ഭൂജലവകുപ്പ്. | പ്രോ.നം251/18,<br>ഉപ്പുകുളം എസ്.സി.<br>കോളനി,കുഴൽകിണർ നിർമാണം. | 87767 | 0 | 87767 |
| ഭൂജലവകുപ്പ്. | പ്രോ.നം271/18,<br>വിവിധ വാർഡുകളിൽ കുഴൽകിണർ<br>നിർമാണം | 357000 | 0 | 357000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ/വായ്പ തിരിച്ചടവ് ഇനങ്ങളിൽ വരവ് ചെലവുകളില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്നത് | 102123 |
| തൻവർഷം നിക്ഷേപിച്ച തുക | 8680 (പലിശ) |
| ആകെ | 110803 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 110803 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 120/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ /തീയതി |
|---|---|---|---|---|
| 2000-01 | 2(10),എ | 120 | ടി.എസ്.അനിൽകുമാർ | 117080103427/31-1-2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01, 2001-02 ജനകീയാസൂത്രണം | 1 | 2003-04 | 3 – 5 -1 | ജലസേചന പദ്ധതികളിൽ പാഴ്ച്ചെലവ് | പരാമർശിത ജലസേചനപദ്ധതികളിൽ കൊന്നക്കുളം ജലസേചനപദ്ധതി,കുറിഞ്ഞിപ്പുരയിടം ജലസേചനപദ്ധതി എന്നിവ നിലവിൽ പ്രവർത്തിക്കുന്നതായി പഞ്ചായത്തിൽ നിന്ന് അറിയിച്ചു. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികൾ നിലവിലില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60276116 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54436709 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1237353 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 998850 | ശ്രീ.ജയകുമാർ വി.ജി., സെക്രട്ടറി |
| 3-9(1) | 20963 | ശ്രീമതി ഷോളി ഫിലിപ്പ്, അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ് |
| 3-9(2) | 117575 | ശ്രീമതി രേണുകാദേവി അമ്മാൾ, സെക്രട്ടറി |
| 3-11(എ) | 99965 | ഡോ.രേഖാ ശാലിനി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 1237353 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജയകുമാർ വി.ജി. (സെക്രട്ടറി) | വിരമിച്ചു | വരിക്കമാക്കൽ, ചെറുവള്ളി പി.ഒ., 686543 |
| ശ്രീമതി ഷോളി ഫിലിപ്പ്, അസിസ്റ്റന്റ് സെക്രട്ടറി ഇൻചാർജ് | അസിസ്റ്റന്റ് സെക്രട്ടറി, മണിമല ഗ്രാമപഞ്ചായത്ത് | കണിച്ചേരിൽ, മണിമല പി.ഒ. |
| ശ്രീമതി രേണുകാദേവി അമ്മാൾ | സെക്രട്ടറി, മണിമല ഗ്രാമപഞ്ചായത്ത് | മൂഴിക്കൽ, പഴവങ്ങാടി പി.ഒ., റാന്നി |
| ഡോ.രേഖാ ശാലിനി മെഡിക്കൽ ഓഫീസർ, പിഎച്ച്സി | ഉപരിപഠനാവധിയിൽ | നാലുവീട്, ടി.ബി. റോഡ്, കോട്ടയം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97വരവ് | എൽ.എഫ്.കെ.പി 13/922/അദാലത്ത് 14/28.11.14 | 1 |
| 1998-99 ചെലവ് | എൽ.എഫ്.കെ.പി 13/527/അദാ./14/23.12.14 | 16 |
| 1998-99 വരവ് | എൽ.എഫ്.കെ.പി 13/572/അദാ./14/7.1.15 | 1 |
| 2000-01<br>2001-02 പ്ലാൻ | എൽ.എഫ്.കെ.പി 13/1804/16/05.12.17 | 9 |
| 2003-04 | എൽ.എഫ്.കെ.പി 13/433/15/11.11.15 | 9 |
| 2004-05 | എൽ.എഫ്.കെ.പി 13/1384/15/6.2.16 | 17 |
| 2005-06 | എൽ.എഫ്.കെ.പി 13/434/15/11.11.15 | 7 |
| 2006-07 | എൽ.എഫ്.കെ.പി 13/16/04/17.3.16 | 5 |
| 2007-08 | എൽ.എഫ്.കെ.പി 13/435/16/5.5.16 | 4 |
| 2008-09 | എൽ.എഫ്.കെ.പി 13/1038/16/12.06.17 | 15 |
| 2009-10,2010-11 | എൽ.എഫ്.കെ.പി 13/1582/14/30.10.15 | 20 |
| 2011-12 | എൽ.എഫ്.കെ.പി 13/515/16/07.09.16 | 11 |
| 2012-13 | എൽ.എഫ്.കെ.പി 13/648/16/30.05.17 | 7 |
| 2013-14 | കെ.എസ്.എ.കെ.ടി.എം.പി13/380/16/6.5.16 | 12 |
| 2014-15 | കെ.എസ്.എ.കെ.ടി.എം.പി13/1501/16/29.04.17 | 18 |
| 2015-16 | കെ.എസ്.എ.കെ.ടി.എം.പി 13/1933/2016/13.12.16 | 22 |
| 2016-17 | കെ.എസ്.എ.കെ.ടി.എം.പി 11/420/18/14.03.18 | 7 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം - 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി.11/1413/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 04.08.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മണിമല ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.